ദേശമംഗലം രാമകൃഷ്ണൻ

# എത്ര യാദൃച്ഛികം

# എത്ര യാദൃച്ഛികം

ദേശമംഗലം രാമകൃഷ്ണൻ

## എഴുത്ത്

എങ്ങനെ നീ എന്റെ കവിതകൾ
എഴുതി എന്നറിയാമോ?
എന്തിനാണ് നീ അതൊക്കെ
എഴുതിയതെന്നറിയാമോ?

നല്ല കൃതികളെല്ലാം
അപരനാണെഴുതുന്നതെന്നറിയാമോ?
നമ്മെ നാം അറിയുന്നില്ല
അപരൻ അറിഞ്ഞേക്കും.

കവിത അറിയാനുള്ള വഴിയാണ്
അറിഞ്ഞതിന്റെ ആവിഷ്കാരമല്ല

അറിഞ്ഞു എന്നു കരുതുന്നവൻ
ഒന്നും എഴുതുന്നില്ല.

ഇനിയും അറിയാനുണ്ടെങ്കിൽ
ഇനിയും എഴുതിക്കൊണ്ടിരിക്കും

അതുകൊണ്ട് ഓരോ വരിയും എഴുതുമ്പോഴും
അപരന്റെ കവിതയാണെഴുതുന്നതെന്നോർമ്മവേണം

നമ്മിലെ എഴുത്തുകാരനാണ് അപരൻ

അങ്ങനെ നീ എന്റെ കവിതയും
ഞാൻ നിന്റെ കവിതയും എഴുതുന്നു.

**അയ്യപ്പപ്പണിക്കർ**

# വഴിക്കുറിപ്പുകൾ

വിചാരിച്ചതല്ല, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി വായനയിൽ ഞാൻ സൂക്ഷ്മമായി ശ്രദ്ധിച്ചുവരുന്ന കവികളിൽ ഒരാളുടെ സമാഹാരത്തിന് ചില വരികൾ കുറിക്കുവാൻ അവസരമുണ്ടാകുമെന്ന്. ഒരു തീവ്രവായനക്കാരനെന്ന നിലയിൽ മാത്രമാണ് ഞാൻ മലയാളകവിതയിലെ പ്രവണതകളെ പിന്തുടരുന്നത്. അതേ അടിസ്ഥാനത്തിലാണ് ദേശമംഗലം രാമകൃഷ്ണന്റെ കവിതകളെ ഞാൻ അവതരിപ്പിക്കുന്നത് കാവ്യനിരൂപണമോ പഠനമോ ആകുന്നില്ല. ഒരു കവിതാസ്വാദകന്റെ വഴിക്കുറിപ്പുകൾ മാത്രം.

മറ്റൊരു ഭാഷയുടെ സാംസ്കാരികഘടനകളെ അടിസ്ഥാനമാക്കിയതാണ് സാഹിത്യത്തിൽ എന്റെ പ്രവർത്തനമണ്ഡലം. തമിഴ് എന്റെ സൃഷ്ടിയുടെ ഭാഷയും മലയാളം എന്റെ മാതൃഭാഷയും ആയതുകൊണ്ടാണ് ഈ രണ്ടു ഭാഷകളിലെയും കവിതാരീതികളെക്കുറിച്ച് ഞാൻ ശ്രദ്ധാലുവാകുന്നത്. തന്റെ ഒരു കവിതയിൽ ദേശമംഗലം പറയുന്നതുപോലെ 'പലനാടുകൾ താണ്ടി പലതായി തെറിച്ചു ഞാൻ, പലതായി ചിതറിയോരെന്നെയും ഒരുക്കൂട്ടി ഇവിടെതന്നെ വന്നു ചേരുന്നിതൊടുവിൽ ഞാൻ' (എൻ നദി മറഞ്ഞുപോയ്) - ഈ ചിതറലിലും ഒരുക്കൂട്ടലിലും എന്റെ ദ്വിഭാഷാസഞ്ചാരത്തിന് പ്രധാന പങ്കുണ്ട്. ഇടയ്ക്കിടെ തമിഴ്കവിതയെ മലയാളബോധത്തോടും മലയാളകവിതയെ തമിഴ് ഉണർവോടും വിശകലനം ചെയ്തുനോക്കാൻ മുതിരാറുണ്ട്. അത്തരം സാഹസത്തിന് ഇരുഭാഷയും അറിയാവുന്ന കവികളിൽ ചിലർ പ്രോത്സാഹനമാവാറുണ്ട്. അവരിലൊരാളാണ് ശ്രീ. ദേശമംഗലം.

ദേശമംഗലം രാമകൃഷ്ണനെന്ന മലയാളകവിയെ ഞാൻ ആദ്യമായി തിരിച്ചറിയുന്നത് തമിഴ്കവിതാലോകവുമായി അദ്ദേഹം നടത്തിയ ഇടപെടലിൽനിന്നാണ്. രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പ് തിരുവനന്തപുരത്തെ വേളിയിൽവെച്ച് നടന്ന ഒരു ദക്ഷിണേന്ത്യൻ കവിതാവിവർത്തന ക്യാമ്പിനെക്കുറിച്ച് പ്രശസ്ത തമിഴ്

എഴുത്തുകാരനായ സുന്ദരരാമസ്വാമി ഒരു കുറിപ്പെഴുതിയിരുന്നു. അതിലെ 'ദേശമംഗലം രാമകൃഷ്ണനും വേണുഗോപാൽ കാസർകോടും ആധുനികതയുടെ സ്വാധീനമുള്ള കവികളാണ്. ആധുനിക കവിതാശൈലിയിൽ താത്പര്യമുള്ളവരാണ്' എന്ന വരിയെ പിന്തുടർന്നാണ് ഞാൻ ദേശമംഗലത്ത് എത്തിച്ചേർന്നത്. അന്ന് ദേശമംഗംലം മൊഴിമാറ്റം ചെയ്യാനായി തെരഞ്ഞെടുത്തിരുന്നത് ബ്രഹ്മരാജൻ എന്ന കവിയുടെ 'പെരുനഗർ പ്രായം' എന്ന കവിതയായിരുന്നു. തമിഴ്വായനക്കാരുടെ ഇടയിൽത്തന്നെ ബ്രഹ്മരാജനെക്കുറിച്ച്, മനസ്സിലാവാത്ത രീതിയിൽ എഴുതുന്ന കവി എന്ന അഭിപ്രായമുണ്ടായിരുന്നു. ദേശമംഗലം നടത്തിയ മൊഴിമാറ്റം മലയാളകവികൾക്ക് സ്വീകാര്യമായിരുന്നുവെന്ന സുന്ദരരാമസ്വാമിയുടെ സാക്ഷ്യം ദൈശമംഗലത്തിന്റെ കവിതാബോധത്തെക്കുറിച്ച് എന്നിൽ മതിപ്പുളവാക്കി. ആ മതിപ്പ് പിന്നീട് അദ്ദേഹത്തിന്റെ കവിതാലോകത്തെ സമീപിക്കാൻ എന്നെ സഹായിക്കുകയും ചെയ്തു.

ഏകദേശം അതേസമയത്താണെന്നു തോന്നുന്നു, ദേശമംഗലം വിവർത്തനം ചെയ്ത് സമാഹരിച്ച 'ഭവിഷ്യത് ചിത്രപടം' എന്ന പുസ്തകം എന്റെ കൈയിൽ കിട്ടിയത്. തെലുങ്ക് അറിയാവുന്നവരുടെ സഹായത്തോടെ ആ കവിതകളെ ദേശമംഗലം മലയാളത്തിലേക്ക് വിവർത്തനം ചെയ്തുവെന്നാണ് എന്റെ അറിവ്. സമാഹാരത്തിലുണ്ടായിരുന്ന ചില കവിതകളെ ഞാനും ഇംഗ്ലീഷ് പരിഭാഷകളിൽനിന്ന് തമിഴാക്കിയിരുന്നു. മലയാളവിവർത്തനവും എന്റെ തമിഴ്ഭാഷാന്തരവുമായി താരതമ്യപ്പെടുത്തിയപ്പോൾ എന്റെ സാധനം ദുർബ്ബലമാണെന്ന് മനസ്സിലായി. മൂലഭാഷയിൽനിന്നും ഇംഗ്ലീഷുവഴി തമിഴിലേക്ക് എത്തിച്ചേരുന്നതിനിടയിൽ അതിലുണ്ടായിരുന്ന കവിതാംശം എവിടെയോ ചോർന്നുപോയിരുന്നു. ഒരു പ്രത്യേക ആവശ്യത്തിനായി നിർവഹിച്ച തർജ്ജമയായിരുന്നിട്ടുംകൂടി അത് അച്ചടിക്കാൻ ഞാൻ വിസമ്മതിച്ചു. ഈ പ്രക്രിയയിൽ എനിക്ക് ആകെ കിട്ടിയ ഫലം ദേശമംഗലം രാമകൃഷ്ണൻ എന്ന കവിയുടെ വ്യക്തിത്വത്തെ തിരിച്ചറിയാൻ കഴിഞ്ഞു എന്നതു മാത്രമാണ്.

ഈ പരിചയത്തിന്റെ പശ്ചാത്തലത്തിൽ വേണം ഇരുഭാഷകളിലും ഇടപെടുന്ന ഞങ്ങളുടെ കവിതാബന്ധത്തെ വിലയിരുത്താൻ എഴുതുന്ന രണ്ടു തരക്കാർ മുന്നോട്ടു നയിക്കുന്ന ബന്ധം എന്നതുപോലെതന്നെ രണ്ടുഭാഷകളെയും സ്പർശിച്ച് നീങ്ങുന്ന ബന്ധംകൂടിയാണിത്. ഇതിലും ഫലം എനിക്കുമാത്രമായിരുന്നു. എന്റെ ചില കവിതകളെ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തത് ദേശമംഗലമായിരുന്നു.

ജീർണ്ണസമൂഹത്തിനെതിരെ പ്രതികരിക്കുന്ന കവിയായിട്ടാണ് ഞാൻ ദേശമംഗലത്തെ കാണുന്നത്. ഈ കവി സഹജീവിക്ക് നല്കുന്നത് ആശ്വാസവാക്കുകളല്ല, മറിച്ച് താക്കീതുകളാണ്. 'നിനക്ക് നഷ്ടപ്പെടുവാൻ നിഷ്കളങ്കമായ ഭീതിമാത്രം' (ആരുമില്ലേ) എന്ന് വായനക്കാരനെ ജാഗരൂകനാക്കുന്ന ശല്യക്കാരനാണ് ഇവിടെ കവി. ഈ അസ്വസ്ഥതയാണ് ദേശമംഗലം കവിതകളുടെ പ്രധാന വികാരം. അദ്ദേഹത്തിന്റെ കവിതായാത്ര ഈ ആശയത്തെ ഉറപ്പിക്കുന്നു. കാവ്യരൂപങ്ങളുടെ നിയതാർത്ഥസങ്കല്പങ്ങളിൽ ദേശമംഗലം തന്റെ കവിതയെ തളച്ചിടുന്നില്ല. അതുകാരണം അസ്വസ്ഥവും അശാന്തവുമായ നമ്മുടെ കാലത്തോടും ജീവിതത്തോടും അദ്ദേഹത്തിന്റെ കവിതകൾ തുടർച്ചയായി കലഹിക്കുന്നു.

എല്ലാ സമരങ്ങളും സ്പോൺസർ ചെയ്ത വിജയങ്ങളായും സംസാരിക്കപ്പെടാത്ത പരാജയങ്ങളായും മാറിയ ഈ കാലഘട്ടത്തിലെ അസ്വസ്ഥതയുടെ സ്വരമാണ് ദേശമംഗലം കവിതകൾ. 'ആരെങ്കിലുമുണ്ടോ ഇവിടെ? ഒരു കുഞ്ഞിന്റെ ചിരിയെങ്കിലും കേൾക്കാനുണ്ടോ?' എന്ന് തെരയുന്ന ശബ്ദമാണത്. 'സ്വന്തം നിഴലുകൾ പറിച്ചെറിഞ്ഞ് കടന്നുപോയ സന്ദർശകരുടെ ചകിതമായ കാലടിപ്പാടുകൾ മാത്രം.' അവശേഷിക്കുന്ന മണ്ണിൽ ഈ ശബ്ദമല്ലാതെ പ്രതീക്ഷ നല്കുന്ന വേറെ വിളികൾ നമുക്ക് കേൾക്കാനുണ്ടോ?

ഈ അസ്വസ്ഥതയിൽ ദേശമംഗലത്തിന് സാന്ത്വനം നല്കുന്നത് രണ്ട് കാര്യങ്ങളാണ്: ഒന്ന്-ഓർമ്മ. മറ്റേത് - മരണം.

നാല്പതോളം കവിതകളുള്ള ഈ സമാഹാരത്തിൽ

ഓർമ്മകളുടെ പുനഃസൃഷ്ടിയായും മരണത്തിന്റെ നിഴൽ വീണവയായുള്ള കവിതകൾ കൂടുതൽ കാണാൻ കഴിയും. വർത്തമാനകാലത്തിന്റെ അസ്വസ്ഥതയിൽ നിന്ന് മുക്തിനേടാൻ ഓർമ്മ ഒരു ശരണാലയമാകുന്നു. 'ഓർമ്മിച്ചാൽ അകം നീറും' (മാവും പൂവും).

പ്ലാവില മണക്കുന്ന വഴിയിൽ
'പണ്ടു നാളത്തെയെന്റെ ആടിനെ
ആട്ടിൻകുഞ്ഞുങ്ങളെയോർത്തുനിന്നുപോയ്' (എന്നെ മണക്കുന്നത്) - എന്നാൽ ആ ഓർമ്മകൾ പോലും വർത്തമാനം വെട്ടിനുറുക്കിയ മാംസമായി തന്നിൽ മണക്കുന്നു.

ഓർമ്മകൾ തുരങ്കമാകുമ്പോൾ മരണം അവസാനത്തെ വെളിച്ചമാകുന്നുവെന്ന ബോധത്തോടെ ദേശമംഗലം കവിതയിലെ മരണചിന്തകൾ എന്നിൽ വ്യാപിക്കുന്നു. മരണം പലായനമായല്ല, പരാജിതന്റെ ഗർജ്ജനമായിത്തന്നെ അനുഭവപ്പെടുന്നു - മരണത്തിന്റെ പ്രതികാരമല്ലേ ജീവിതമെന്നും, ആ ജീവിതമാണ് കവിതയുടെ ആഘോഷമെന്നും

ഈ രണ്ടു വഴിത്താരകളും - ഓർമ്മയും മരണവും - സന്ധിക്കുന്ന ബിന്ദുവിൽനിന്നാണ് ദേശമംഗലം തന്റെ കവിതയെ കണ്ടെത്തുന്നതെന്ന് ഊഹിക്കാം. ഓർമ്മ - ഭൂതകാലത്തിന്റെ ഇരുൾ. മരണം - ഭാവിയുടെ വെളിച്ചം. എന്നാൽ ഈ രണ്ടും സംക്രമിക്കുന്ന ചാരവെളിച്ചത്തിലാണ് വർത്തമാനം. ദേശമംഗലം കവിതയുടെ ലോകം രൂപംകൊള്ളുന്നത് അവിടെനിന്നാണ്. അതുകൊണ്ടുതന്നെയാണ് അദ്ദേഹം തികച്ചും സമകാലികനാകുന്നത് - വർത്തമാനത്തിന്റെ ഭാവാത്മകത തേടുന്ന കവിയാകുന്നത്.

ദേശമംഗലം കവിതകളുടെ ലോകത്തിൽ കൗതുകസഞ്ചാരിയായി അലഞ്ഞുനടക്കുമ്പോൾ എനിക്ക് ദൃശ്യമാകുന്ന കാഴ്ചകളാണിവ. എന്നെക്കാൾ ശ്രദ്ധാലുവായ മറ്റൊരു വായനക്കാരന് ഇതിൽനിന്നും വ്യത്യസ്തമായ കാഴ്ചകളും തീവ്രമായ അനുഭവവും നേടാൻ കഴിഞ്ഞേക്കാം. ഈ സമാഹാരത്തിൽ എന്നെ കൂടുതൽ ആകർഷിച്ച ഒരു

കവിതയിലേക്ക് കടക്കാം. ശീർഷകകവിതയായ 'എത്ര യാദൃശ്ചികം'ആണത്.

ഏറ്റവും സമകാലികമായ മലയാളകവിതകളിലൊന്ന് എന്ന് ഞാൻ ഇതിനെ വിശേഷിപ്പിക്കുന്നു. എത്ര യാദൃച്ഛികമായാണ് ഒരു പെൺമനസ്സ് ഈ കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. താൻപാതിയായ പെണ്ണിന്റെ വികാരത്തെ ഈ കവിതയിലെ സ്വരം വെളിപ്പെടുത്തുന്നു. പരാതി പറയാതെ, തന്റെ അവസ്ഥയ്ക്ക് കാരണക്കാരനായവനെ കുറ്റപ്പെടുത്താതെ, ഇത്തിരി സ്നേഹം പങ്കുവയ്ക്കാത്തതിന് പുരുഷനെ ഉത്തരവാദിയാക്കാതെ സ്വന്തം മൗഢ്യത്തെ ഇതിലെ സ്ത്രീശബ്ദം പ്രതിവചിക്കുന്നു.

"മുറ്റമടിച്ചു പാത്രം കഴുകി
വെച്ചു വിളിമ്പി
അലക്കിവെളുപ്പിച്ചു നിന്നെ
ഒരുപിടിച്ചോറ് ഇത്തിരി ചില്ലറ
എങ്കിലുമിത്തിരി സ്നേഹം
എന്നുറപ്പിച്ച ഞാനെത്ര മൂഢ"

- എന്ന ആ രോദനം കേൾക്കുന്ന മാത്രയിൽ സകല പുരുഷന്മാരും ഞെട്ടിത്തിരിഞ്ഞ് കുറ്റബോധത്തോടെ ഒരു പ്രാവശ്യം തന്നത്താൻ പരിശോധിച്ചുകൊള്ളുന്നു. ഈ തിരിച്ചറിവ് എത്ര യാദൃച്ഛികം.

യാദൃച്ഛികമായ ഈ നിമിഷങ്ങളെ നിരന്തരപ്പെടുത്തുന്നതാണ് കവിതയുടെ ധർമ്മങ്ങളിലൊന്ന് എന്ന് ഞാൻ വിശ്വസിക്കുന്നു. ആ കടമ ഔചിത്യബോധത്തോടെ കവി നിറവേറ്റിയിരിക്കുന്നു. അതിന്റെ അർത്ഥം കവി ഒരു പുതിയ ഭാവാത്മകത തേടുന്നുവെന്നും അതിനെ സൃഷ്ടിക്കാൻ പ്രയത്നിക്കുന്നുവെന്നുമാണ്. ആ പ്രയത്നത്തിന്റെ വർത്തമാനസാക്ഷ്യമാണ് ഈ സമാഹാരമെന്നത് അത്രയൊന്നും യാദൃച്ഛികമല്ല.

**സുകുമാരൻ**

## കവിതകൾ

പ്രതിമ
പോരാളി
വെയിൽ മണക്കുന്നു
ഒരുപക്ഷേ കാണാം
മറ്റൊന്നും സംഭവിക്കാതെ
വിനായകനിമിഷം
ശരാശരി വിചാരങ്ങളിൽ
എന്നെ മണക്കുന്നത്
മൺസൂൺ വിലാപം
ഒളിച്ചുവന്ന നക്ഷത്രം
പേന
ഇത്രയേ ഉള്ളൂ
വേഴ്ച
ഒരാൾ
മടക്കം
പൊതിക്കാള
എത്ര യാദൃച്ഛികം
ആരും പരിചിതരല്ല
സിലബസിൽ സഞ്ചരിക്കുന്നവർ
ഒരു കാക്ക
അവന്റെ വിധി
അവൻ ബുദ്ധനായിരുന്നില്ല
ആരുമില്ലേ?
ഇല്ല
ഒരു കത്ത് (3 ജൂലൈ 2004)
മറ
ഭാഗ്യവാന്മാർ
കവിത രക്ഷപ്പെട്ടതെങ്ങനെ
ഒരു ലൈബ്രേറിയന് എന്തുചെയ്യാൻ കഴിയും
അവരൊക്കെ അവിടെയുണ്ട്
മാവും പൂവും

രണ്ടു ദൃശ്യങ്ങൾ
കൂജയിലെ മുഖം
ഗന്ധമോക്ഷം
ചിരിച്ചു ഒരു കവിത
ആക്രാന്തം (അരുവിക്കരയിലെ മീനുകൾക്ക്)
ഒരു പുരാതനൻ
ഞാൻ കാര്യവട്ടത്തേക്കു പോവുകയാണ്.
'പുനർനവ'
ഈ ചതുപ്പിൽ

# പ്രതിമ

മാറ്റിവെച്ചിരിക്കുന്നു മധുരം. ചിരിക്കുന്നു കയ്പവല്ലരി.
മാറ്റിവെച്ചിരിക്കുന്നു യാത്ര – മറക്കുന്നു കാലുകൾ.
മാറ്റിവെച്ചിരിക്കുന്നു കവിത
മാറ്റിവെച്ചിരിക്കുന്നു വിശപ്പ്
മാറ്റിവെയ്ക്കുന്നൂ തലവേദന.
മാറ്റിവെയ്ക്കുന്നു.
കാറ്റിനു പകരമായ് കാറ്റാടിയെ
കടലിനു പകരമായ് കടലാടിയെ
ഏറ്റുവാങ്ങുവാനില്ലാതാൾക്കൂട്ടച്ചവിട്ടിൽ
വീർപ്പുപോയൊരേകാകിക്കു പകരമായ്
മാറ്റിവെയ്ക്കുന്നെന്നെ ഞാൻ

ഇന്നു ഞാൻ വരുന്നില്ല.
നിൻക്ഷണം മാറ്റിവെയ്ക്കുക.
ഇന്നലെ വന്നതിൻ മുറിവുണങ്ങിയിട്ടില്ല.  നിൻവാക്കിന്റെ
കല്ലുപ്പുപുരട്ടി നീറിക്കൊണ്ടിരിക്കുന്നു.
മാറ്റിവെച്ചിരിക്കുന്നു സ്ഥലങ്ങളെ ദൂരങ്ങളെ
മാറ്റുവാനെന്തുണ്ടിനി  ഇത്തിരിപ്പോന്ന ജീവനിൽ
ഒന്നു കുറുകിയൊന്നു ചിറകു കുടഞ്ഞെന്റെ
പൊന്നുമിനിറ്റുസൂചി ഒറ്റ നില്പായി.

വട്ടംവട്ടമായ് വീശിയൊരാകാശക്കടലങ്ങനെ
കുത്തനെപ്പിളർന്നിട്ടും
പ്രളയമൊഴിച്ചിട്ട വഴി ഞാനറിഞ്ഞില്ല.
ദേവാലയത്തിൻ ഭിത്തി രണ്ടായി പിളർന്നിട്ടും
പറന്നുപോകുന്നീ,ല്ലതിൽ ചിരകാലമായ് കുടുങ്ങിയ
പകൽകാല ശലഭങ്ങൾ
–മാറ്റിവെയ്ക്കുന്നൂ, ചിരകാലമിരുട്ടത്തിരുന്നു
കൊതിച്ചതു കൈവന്നപ്പോൾ.

എങ്കിലും ഞാനിവിടെയുണ്ടെന്നെങ്ങനെ അറിയിക്കും,
അല്ല, എന്തിനാണത്?
എങ്കിലും വിളിക്കുന്നു നിന്നെ
വന്നെന്നെത്തള്ളിമറിക്കുക.
ഉടയട്ടെ എൻ പ്രതിമാജീവിതം

## പോരാളി

എഴുതാൻ വിചാരിച്ചു മാറ്റിവെച്ചതു
വീണ്ടെടുക്കാൻ മറന്നുപോയ്
തിരിവോരോന്നും കടന്നപ്പോൾ
തിരികെടുത്താൻ വന്ന പാതിരാവേ
കുതികാലിൻ ഞരമ്പറു-
ത്തുറക്കെച്ചിരിച്ച വേദനകളേ
കലക്കമഴയിൽ മുഖംനോക്കി
മലച്ചുവീണ കിനാക്കടെ
കയറാമിപ്പടിക്കെട്ടുകൾ വീണ്ടും.

അകത്താര്
രാകുന്നു വായ്ത്തല
പുറത്താര്
കുത്തുന്നു സൂര്യന്റെ കണ്ണിൽ.
ഒരു വരിക്കവിതയും മൂളി
കാരിരുമ്പുണ്ട തുളയ്ക്കുവാൻ
കാക്കുമൊരു നെഞ്ചിനെ
ഇത്രവേഗത്തിലിഷ്ടന്മാർ
മറക്കാമോ.

എന്തിനു കൊടുംവേനലാക്കണം
അവരുടെ വസന്തത്തെ
എന്തിനു തട്ടിത്തെറിപ്പിക്കണം
അവരുടെ മോക്ഷത്തിൽ പൗർണ്ണമി.

എനിക്കുമിവിടെയൊരൊളി-
ത്താവളം തീർക്കണം
കുഴിച്ചു കുഴിച്ചട്ടിമണ്ണി-
ന്നകത്തു കിടക്കണം
ഇവിടെഞാനുണ്ടെന്ന
തോന്നലേ വരുത്തൊല്ല
കത്തിയും ബോംബുമായല്ല
പൊന്തക്കാടുകൾ പുതച്ചല്ല

വിശപ്പിനന്നവും ജലവും സംഭരിച്ചല്ല
എനിക്കെന്നോടുതന്നെ
അങ്കംവെട്ടണം
എന്റെ സംശയങ്ങളാൽ
എന്റെ സ്വപ്നങ്ങളാൽ.

## വെയിൽ മണക്കുന്നു

മഴ മണക്കുന്നുണ്ടായിരുന്നു
പുടവയിൽ മുടിയിൽ മുഖം ചേർത്തു ഞാനൊരു
കരിരൂപനായിപ്പുളച്ചു
നിവരുവാൻ ചെറുനാമ്പുനീട്ടും അടിക്കാടിലൂടെ നിൻ
പലകാല മഴകളിളക്കിയ ചൂരുകൾ
മണത്തു മണത്തു രസിച്ചു.
മധുരമായ് ചിലത് പറയുവാൻ...എങ്കിലും
കഴിയാതെ ചുണ്ടുകൾ നിന്നു
ചതുരമായ് ചിലത് കുറിക്കുവാൻ...
എങ്കിലും കഴിയാതെ കൈവിരൽ നിന്നൂ.

കുളിർമഞ്ഞു വാസനിക്കുന്നു
ഒരുനാൾ പുലർച്ചെ വന്നപ്പോൾ
മലയടിവാരത്തിൽ
മിണ്ടാക്കുയിലിന്റെ തൂവൽമണം
ഗുഹകളിലലറും നരസിംഹഗന്ധം.
പല മഞ്ഞുകാലങ്ങൾ മൂടിയ പാതകൾ
പഥികരെക്കൊത്തിയെടുത്തു.

പിന്നെ
എല്ലാ മണങ്ങളും കുത്തിയൊലിക്കയായ്
ഉള്ളിൽനിന്നുച്ചിയിൽ നെറ്റിയിൽ
ചെവികളിൽ നാക്കിൽ
പതയ്ക്കുന്ന മീശയിൽ.
തീക്കരു മണക്കുന്നുടുപ്പിൽ നടപ്പിൽ
കാൽവെള്ളയിൽനിന്നാമണത്തിന്റെ കയ്പുകൾ
നുരയ്ക്കുന്നു ചുണ്ടിൽ.
വെയിൽ മണക്കുന്നു
ഉറവുകൾ ചീറ്റുന്ന പുത്തൻകിണറ്റിൽ
വെയിൽ മണക്കുന്നുണ്ടരയ്ക്കു കീഴ്പോട്ടുള്ള
വർത്തമാനങ്ങളിൽ.
വെയിൽ മണക്കുന്നുണ്ട്

വെറുതെ നിശ്വാസം തടുത്ത് മണപ്പിച്ചുനോക്കൂ
വെയിലിന്നലർച്ച കേൾക്കുന്നു.
ചെവിയോർത്തുനോക്കൂ
വെയിൽ മണത്തമ്മ പിടഞ്ഞുമറഞ്ഞു
വെയിൽകുടിച്ചനിയത്തി മഞ്ഞച്ചുപോയ്
വെയിൽ മണത്തു തെരുവിൽ
ചെറുപ്പങ്ങളോരോന്നടർന്നൂ.

വെയിൽ മണക്കുന്നൂ
പച്ചപ്പടർപ്പിനെ പൂക്കളെ
കുഞ്ഞിക്കാൽകളെക്കൂടിയും.

പറയുവാനുണ്ടായിരുന്നു
കഴിയാതെ ചുണ്ടുകൾ നിന്നു
എഴുതുവാനുണ്ടായിരുന്നൂ
കഴിയാതെ കൈവിരൽ നിന്നു.

## ഒരുപക്ഷേ കാണാം

നാളെ തുറക്കുമോ വാതിൽ
തുറന്നാലുമില്ലെങ്കിലും
ഇപ്പോഴിതടച്ചുപൂട്ടട്ടെ
വിശ്വാസമാണിത്
വിശ്വസിക്കുന്നില്ലെന്റെ ജീവനെ
എപ്പൊഴേ പൂട്ടും പൊളിച്ചോ
പൊളിക്കാതെയോ
വന്നവഴിക്കതുപായാം
ഒന്നുതൊടാതെ ഒന്നും പറയാതെ.
എന്തോ പ്രചോദനമുണ്ട്
എന്തോ പ്രയോജനമുണ്ട്
ഉള്ളിൽനിന്നാവാം
പുറത്തുനിന്നാവാം
ഭിത്തിപൊളിക്കാതെ
വാതിൽതുറക്കാതെ
വന്നവഴിക്കവൾ പോകാം
ഇന്നുമവളൊത്തുറങ്ങുവാനാണ്
വന്നതീനരകം തിളയ്ക്കും നിലാവിൽ:
തന്തയില്ലാത്ത രാഗങ്ങൾ
ഏന്തിത്തുളുമ്പും തെരുവിൽ
ആരും അടച്ചുപൂട്ടുന്നില്ല
പോകുവാനുള്ളത് പോയവർ
ഇന്നിന്റെ ഈ നില കാത്തുപോരുന്നവർ.
ഇല്ലവർക്ക് - ഇന്ന്
ഉണ്ടായിരുന്നില്ല - ഇന്നലെ
ഇനി നാളെയോ-?
എങ്കിലുമെന്റേത്
എന്റേതുമാത്രമായുള്ളൊരീവതിൽ
അടച്ചുപൂട്ടുന്നു ഞാൻ
ഒരുപക്ഷേ കാണാം നമുക്കു നാളെ
സെമിത്തേരിയിൽ.

## മറ്റൊന്നും സംഭവിക്കാതെ

നിന്റെ വീടിനുള്ളിൽ
നിലത്ത് എന്റെ മുഖം തെളിഞ്ഞു
അതുകണ്ട് ഞാനും തെളിഞ്ഞു
എന്നു പറഞ്ഞാൽ മതിയല്ലോ.
നാട്ടിൻപുറം നഗരങ്ങളാൽ സമൃദ്ധം
എന്നു നീ പറഞ്ഞപ്പോൾ
നിനക്കായി കൊണ്ടുവന്ന വെറുംവാക്കുകൾ
വെറുതെയായില്ല
എന്നു പറഞ്ഞാൽ മതിയല്ലോ.
പ്രാതലിനുശേഷം
ഗുളികകളുടെ പെട്ടിയിൽനിന്ന്
എഴുന്നേറ്റുവന്ന എന്നെ
നീ പഴയ തളത്തിലേക്കു കൊണ്ടുപോയി
അവിടെ ഒരു കുട്ട പഴയ നാണയങ്ങളിൽ
നിന്റെ കൈകൾ തുരുതുരാ നീന്തിക്കളിച്ചു
രാജാക്കന്മാരുടെ തലകൾ
ഗാന്ധിമാരുടെ തലകൾ
എന്നെ നോക്കി പരിതപിച്ചു:
ഇന്നലെ കൈയിൽ കരുതിയ തുട്ടുകളെല്ലാം
ഇന്ന് എടുക്കാത്തതായിത്തീർന്നിരുന്നു.

കാലമറിയാതെ
കുലുങ്ങിക്കുലുങ്ങി
ഞാനും നിന്റെ കുട്ടയിൽ
കമിഴ്ന്നു വീണു.

പിന്നെ നീ കാട്ടിത്തന്നു
പല നാടുകളിൽനിന്നു കടത്തിക്കൊണ്ടുവന്ന
വെടിയുണ്ടകൾ
ഓർക്കാൻ കഴിയാത്ത
ഒരുപാടു നിലവിളികൾ
പിന്നെ

തേഞ്ഞു ചളുങ്ങിയ
നയാപൈസ പോലുള്ള
നാക്കുകൊണ്ടു നാം സംസാരിച്ചുതുടങ്ങി
വിത്തുകളെപ്പറ്റി
അടഞ്ഞുപോയ പുഴകളെപ്പറ്റി..
മറ്റൊന്നും സംഭവിക്കാത്ത
ഒരു കാലമാണിത്
അതിനാൽ
ഒരു പൂ വിടരുന്നതുപോലും
മഹാസംഭവമാക്കേണ്ടിയിരിക്കുന്നു.

നിന്റെ കൈയിലുണ്ടോ
എനിക്കൊരുപിടി വിത്തു തരാൻ
ആ വിത്തുകളിലെ
പൂമ്പാറ്റകൾക്കടുത്തു വന്നേയ്ക്കാം
പലതും കണ്ടുമടുത്ത കുഞ്ഞുങ്ങൾ
എന്നെങ്കിലും ഒരുനാൾ.

പക്ഷേ
നിലവിളികളെ
പുഞ്ചിരികളാക്കി മുളപ്പിക്കുന്ന
ആ വിത്തുകൾ
ഞാൻ എവിടെ വിതയ്ക്കും...

## വിനായകനിമിഷം

വിചാരം ഭാഷയാവുന്നതിനും
ഭാഷ വിചാരമാവുന്നതിനും
ഉഴന്നോടിപ്പിടയുന്ന
ഈ നിമിഷത്തിന്,
ഒരുനാളും പെയ്യാതെ
കറുത്തുചിരിച്ച്
കാലിന്മേൽ കാൽ കേറ്റിവച്ച്
എന്റെ ശിരസ്സിലിരുന്ന് ചുട്ടുപൊള്ളി
മറഞ്ഞുപോകേ
മറന്നുവെച്ച
ഈ തുള്ളിനിമിഷത്തിന് നന്ദി.

ചെതുമ്പൽ പൊളിച്ച്
പുറത്തുവന്ന് നെടുവീർപ്പിട്ട
ഈ നിമിഷത്തിന്,
ആരൊക്കെയോ കിളച്ച് മൂടിയിട്ട
മണ്ണട്ടികൾക്കടിയിൽനിന്ന്
പതുക്കെപ്പതുക്കെ
മുടി നെറ്റി പുരികം
കണ്ണ് ചെവി കഴുത്ത്...
ഓരോന്നായി
പുറത്തുവരുന്ന
ഈ നിമിഷത്തിന് നന്ദി.

പിണക്കം ചുരുണ്ടുകൂടിയ
പായയിൽനിന്ന്
മറന്നുണർന്ന
ഈ കുഞ്ഞിമിഴിക്ക്,
എല്ലാം കവർന്നെടുത്ത്
മറക്കാൻ പറഞ്ഞ്
എല്ലാം തിരികെത്തന്ന്
ഓർത്തെടുക്കാൻ കനിഞ്ഞ്

എന്റേതല്ലാത്തതെല്ലാം
തിരികെക്കൊടുക്കാൻ പറഞ്ഞ്
തുമ്പിയാലുഴിഞ്ഞുനിൽക്കുന്ന
ഈ വിനായകനിമിഷത്തിന് നന്ദി.

കഴുത്തിലള്ളിപ്പിടിച്ച്,
'വെറുതെയൊരു തമാശയ്ക്ക്
ഒന്നു പരീക്ഷിച്ചതാണ്'
എന്നു പറഞ്ഞ്
ആശ്വസിപ്പിച്ചതിന്
നന്ദി, നിനക്ക് -
അടിയറവില്ലാതെ പറക്കുന്ന
ഈ സ്വപ്നബോധത്തിനും.

## ശരാശരി വിചാരങ്ങളിൽ

### നിങ്ങളിലൂടെ

ആഴത്തിലെത്തിയിരിക്കുന്നൂ ഞാൻ.
എത്രയോ ഉയരങ്ങളിൽനിന്ന് അതിൽ
പൊട്ടിവീഴാനുള്ള പാറക്കെട്ടുകളാണ്
നിങ്ങളിലൂടെ ഉരുട്ടിക്കേറ്റിയിട്ടുള്ളത്.

### ഇല്ല

പാഠപുസ്തകത്തിൽനിന്ന്
ഓ - ഹെൻറീ
നീ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു:
'ഇത് അവസാനത്തെ ഇല
ഇതിന്റെ മന്ദഹാസം കാണൂ'
ഇല്ല -
മണ്ണിനെത്തേടി അതിന്റെ വേര്
എന്റെ നെഞ്ചു തുളച്ചുപോവുകയാണ്.

### അല്ലല്ലോ

എന്തോ എന്തൊക്കെയോ
ആരോ ആരൊക്കെയോ.
ആ കൊഴിയലൊന്നും
ഇപ്പോൾ നമ്മളല്ലല്ലോ.

വിടർന്നതിനെ ചെരിഞ്ഞുനോക്കി
ചെരിഞ്ഞതിനെ മലർന്നുനോക്കി
ഈ പ്രാണന്റെ സഞ്ചിയിൽ
ആരാണ് പൂഴി വാരിയെറിഞ്ഞത്.

ഏറെ വാരിക്കെട്ടി തുളവീണ
കറുത്ത ഭാണ്ഡത്തിൽ
ഈ മുഖവും ഞെക്കിഞെരുക്കിവയ്ക്കുന്നു.
ഒന്നും ഓർക്കാതിരിക്കാൻ

ഇതിന് ഓർമ്മ എന്നു പേരിടുന്നു.

**കുഴി**

ഈ പിത്തക്കുണ്ടി
നിന്ന നില്പിൽ
കിടന്ന കിടപ്പിൽ
ഒരുമാതിരിയൊക്കെ അങ്കം വെട്ടി നോക്കി,
ഒടുവിൽ ഇരുൾച്ചുഴലിയിൽ
ഒരു പെട്രോമാക്സിന്റെ ചിരിയിൽ
കുഴിവെട്ടുകാരന്റെ പാട്ടിൽ ലയിച്ചു.

**ഇന്നോളം**

“ഞങ്ങളുടെ ഗ്രാമത്തിൽ നിഴലുകളുണ്ടായിരുന്നു.
ആകാശങ്ങൾക്ക് മഹാവൃക്ഷങ്ങൾക്ക് ഗോപുരങ്ങൾക്ക് -
താഴെത്താഴെ
ആർക്കും നിഴലുണ്ടായിരുന്നില്ല.
ആദ്യമായാണ് ഇവിടെ
ഒരു സാധാരണക്കാരന്റെ നിഴൽ
അവനവസാനിച്ചിട്ടും
ഇപ്പോഴും ഞങ്ങളുടെ കൂടെ.”
-മരിക്കുമ്പോൾ മാത്രം പുറത്തെടുക്കുന്ന ഈ വാക്ക്
എത്രമാത്രം ചീഞ്ഞുപോയിരിക്കുന്നു.
“പക്ഷേ സുഹൃത്തേ
അങ്ങനെയല്ലേ പറ്റൂ.
നാമൊക്കെ ശരാശരികളല്ലേ.”

**തിരിവിൽ**

സന്ദർശനം എപ്പോഴും മാറ്റിവെയ്ക്കുന്നു
സന്ദർശിക്കുന്നതോടെ
അവസാനത്തെ കാണലായേക്കുമോ
പിന്നെ എല്ലാ നാളും
തിളയ്ക്കുന്ന ചെമ്പുകിടാരമായേക്കുമോ.

അതിനാൽ, അതെ,
ഇക്കുറിയും നിന്നെ ഞാൻ സന്ദർശിക്കുന്നില്ല
പക്ഷേ
വഴിത്തിരിവിലെങ്ങാനും
നീ നില്പുണ്ടാവുമോ.

**തമ്മിൽ**

ദൈവിക നിയോഗത്താലുള്ള ഈ സംഗമത്തിന്
എന്തു പേരിടും
അവൾ പറഞ്ഞു: 'അവിഹിതം'

**അവതാരം**

ഇതളിലിടറും മഞ്ഞുതുള്ളിയേക്കാൾ
മൃദുലമായ്
വെളിച്ചെണ്ണയും ഉപ്പും ചേർത്ത് വടിച്ചെടുത്ത്
അമ്മതരും മാമുവിനെക്കാളും
മിനുസമായ്
വാക്കു വളഞ്ഞുനിന്നാനകളിക്കും അണ്ണാക്കിൻ
കമാനംപോൽ ലോലമായ്
അവരോടു പെരുമാറുക.
ഭാരിച്ചവൻ നീയെങ്കിൽ
അവർക്കുമീതെ പൊട്ടിവീണിടും.

തെളിനീർച്ചോലയായ്
ഒഴിഞ്ഞ വെള്ളക്കടലാസ്സായ്
നക്ഷത്രങ്ങളൊളിച്ചുകളിക്കുമാകാശമായ്
അവർക്കടുത്തേയ്ക്കൊന്നു
ചെല്ലുവാനാവില്ലെങ്കിൽ
അവരെ വിട്ടേയ്ക്കുക
നീയാണവർക്കധികാരിയെങ്കിലും.

മരിക്കാതിരിക്കാൻ കാത്തുകൊള്ളുക
അവരിലൊരാളെങ്കിലും
നിനക്കു കൽക്കിയാവാതിരിക്കില്ല.

## എന്നെ മണക്കുന്നത്

പ്ലാവില മണക്കുന്ന വഴിയിൽ പണ്ടുനാളത്തെയെന്റെ
ആടിനെ ആട്ടിൻകുഞ്ഞുങ്ങളെയോർത്തു നിന്നുപോയ്
അകിടു നിറഞ്ഞിരുന്നെപ്പൊഴും തള്ളയാടിന്
ചെറിയൊരു ഞൊണ്ടലുണ്ടായിരുന്നു
അമ്മയെപ്പോലെ.
എന്തൊരു രസമായിരുന്നു
തുള്ളിച്ചാടും കിളുന്തുകളെ
കാണുവാൻ ഓമനിക്കുവാൻ.
അവരെന്റേതായിരുന്നില്ല-
അയൽക്കാരന്റെ കാരുണ്യത്തിൽ
എനിക്കു കിട്ടീ പഴങ്കഞ്ഞിയും
ഒരുതരിയുപ്പും കാന്താരിയും.
അന്നത്തെ വിശപ്പിന്റെ വീര്യവും സുഖവുമോർത്തു
തെല്ലിട നിന്നൂ വഴിയിൽ
പ്ലാവില ചറംപൊട്ടി മണക്കുമ്പോഴതൊക്കെ
ഓർത്തുപോകുന്നു
നേർച്ചക്കൊറ്റൻ വന്നിടിച്ചിട്ടതിൻ മുറിപ്പാട്
ചന്തിയിൽ ചന്ദ്രക്കല.
പ്ലാവില മണക്കുമ്പോഴെന്നെ മണക്കുന്നു
ആട്ടിൻ പഞ്ഞിപ്പൂടയും ആട്ടിൻകാട്ടവും.

അന്ന് ഗ്രാമഫോണും റേഡിയോവും വന്ന കാലം
അന്ധിച്ചതിൻ മുമ്പിൽ നിന്നു വിചാരങ്ങൾ
അന്ന് കീശ വാണത് ഒരണയും ഓട്ടമുക്കാലും
അന്ന് മുറ്റത്ത് പൂത്തത് മാങ്ങാനാറിയും ചെമ്പരത്തിയും
അന്ന് കൊടും പട്ടിണി തിന്നത് താളും തകരയും
അന്ന് ആരും തരുമായിരുന്നൂ വെറുതെയൊരു ചായ
ഇന്ന് റൊക്കം നാളെ കടം
എന്നു ചിരിച്ചൂ കടക്കാരൻ.
അന്നത്തെ കഥ മണത്തുനില്ക്കുവാൻ നേരമില്ല
എങ്കിലും പച്ചില ചവയ്ക്കാതെയെൻ
ആത്മാവിനുണ്ടോ അകിടു ചുരക്കുന്നു.

യഥാർത്ഥത്തിൽ പ്ലാവില മണത്തതല്ല,
അതിൻ പാൽച്ചറത്തിൽ
മുലപ്പാൽ വാസനിച്ചതല്ല
ആടുമേച്ചു നടക്കുമ്പോൾ
കണ്ണിറുക്കിക്കാട്ടിയ ദാവണിക്കാരിയുടെ
നാമൂസും നാട്യവുമാണ്
ഇപ്പോഴെന്നിൽ നുരയ്ക്കുന്നു.
ഇപ്പോൾ എന്നെ മണക്കുന്നത്
പച്ചിലയല്ല പൂച്ചെടിയല്ല പുണ്യാഹമൂത്രമല്ല.
എന്നെത്തട്ടിമാറ്റി, യപ്പൈതങ്ങളെ
അടിച്ചാട്ടിക്കൊണ്ടുപോയൊ-
രിറച്ചിക്കാരന്റെ ഗതികേടാണ്,
അവൻ ചീറ്റിയ ചോരയും
വെട്ടിനുറുക്കിയ മാംസവുമാണ്
ഇപ്പോഴെന്നെ മണക്കുന്നത്.

## മൺസൂൺ വിലാപം

ആമയിഴഞ്ചാൻതോട്ടിൽ
കുപ്പമാളികകൾ താഴുകയും പൊങ്ങുകയുമാണ്
ആസ്പത്രിസ്സിറിഞ്ചുകൾ വ്രണങ്ങൾ
ബാന്റേജുകൾ ബാക്ടീരിയകൾ വൈറസ്സുകൾ
വീണ്ടും രോഗികളുടെ വായിലേയ്ക്കുതന്നെ
കുത്തിയൊഴുകുന്നതും നോക്കി
മൺസൂൺകുട്ടികൾ ചൂണ്ടലിട്ടു കളിക്കയാണ്.
ആമയിഴഞ്ചാൻ തോട്ടിൽ ആമയില്ല
ഒരവതാരവുമില്ല
അരഞ്ഞ കുടൽമാലകളും ബ്രോയ്ലർതലകളുമായി
ഇതാ നമ്മുടെ ഭാവികാലം.
എന്നേ ഇവിടെനിന്ന് ഓടിപ്പോകാൻ
കാലുകൾ തുടിച്ചിരുന്നു
എന്നാൽ ഒരു രോദനം
ഉറക്കത്തിന്റെ
മഞ്ഞുപാളി ഇടിച്ചുവീഴ്ത്തുന്നൊരു ഘോരശബ്ദം
എന്നെ പിടിച്ചു നിർത്തുന്നു
അവന് ഒരിക്കലും കൊടുക്കാൻ കഴിയാത്ത
കാരുണ്യത്തിന്റെ നിഷ്ഫലകുബേരന്മാരേ
ഇതാ നമ്മുടെ ഭാവികാലം

ചൂണ്ടലിനറിയില്ല
കൊളുത്തിൽ പിടയ്ക്കുന്ന ഉത്കണ്ഠകൾ.
മൺസൂൺക്കിടാങ്ങൾക്കറിയില്ല
ഈ ഒഴുക്കിലെ കൂട്ടമരണങ്ങൾ.
അവർക്കറിയില്ല, നീതിമാനായൊരു രാജാവ്
ഇതിലേ വഞ്ചി തുഴഞ്ഞിരുന്നുവെന്ന്
അവർക്കറിയില്ല, പണ്ട്
വേട്ടപ്പട്ടികൾ തൊപ്പികൾ
ഇതിലൊഴുകി നടന്നിരുന്നുവെന്ന്
അവർക്കറിയില്ല
ഇതിന്റെ കരയ്ക്കരോർമ്മ ബാക്കിയുണ്ടെന്ന്

അവർക്കു കേൾക്കാനാവില്ല
എത്രയോ ഒച്ചകൾക്കിടയിൽ
ഞെരുങ്ങിപ്പോയ ആ നിലവിളി.
സ്ഥലം മുറിച്ചുകടന്നാലും
കാലം മുറിച്ചുകടന്നാലും
ആർക്ക് എങ്ങനെ സ്വസ്ഥരാകാൻ കഴിയും.
അതുകൊണ്ട് ഞാനിവിടം വിടുന്നില്ല
എവിടെപ്പോയാലും
തീ പിടിച്ച പെട്ടകത്തിലാണ് യാത്ര
ഓർമമ പടം പൊഴിക്കുന്നില്ല.

ഞരമ്പിൻപുറ്റുകൾ നുരയ്ക്കുന്ന
ഈ ഒഴുക്കിൽ ഇന്നും
ഒരു സായാഹ്നവിസ്മയം പണിയുകയാണെന്റെ മനസ്സ്.
എങ്കിലും എന്റെ വിചാരത്തിൽ, അയൽപക്കത്ത്,
അനങ്ങാൻ വയ്യാതെ–
തടവറയിലെ ഇരുട്ടായി
കൊടുംകാട്ടിൽ ചെന്നിടിച്ചുതെറിച്ച കണ്ണായി–
ഒരു ഓർമ്മ:
‘നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും
വെറുക്കുവാൻ’ പ്രേരിപ്പിച്ചുകൊണ്ട്
താക്കീതു ചെയ്തുകൊണ്ട്
ഹിമപാളികൊണ്ടുള്ള ഒരു കൂർമ്പൻ കത്തി
എന്നിലേക്കിറക്കിക്കൊണ്ടിരിക്കുന്നു,
ആത്മാവറ്റ ഒരു നപുംസകത്തിന്റെ
ചീത്ത സാന്ത്വനം പോലെ ദാരുണമായി
മറ്റൊന്നുമില്ലെന്ന്
ഓർമ്മിപ്പിച്ചുകൊണ്ട്.

## ഒളിച്ചുവന്ന നക്ഷത്രം

ഈ കിടപ്പിൽ താങ്കൾ
പരിചയങ്ങളെ ഓർക്കുന്നതിനെക്കാൾ
പരിചയമില്ലാത്ത കേറ്റിറക്കങ്ങളിൽ
നടക്കാനായിരിക്കും ഇഷ്ടപ്പെടുക.
പരാജിതരുടെ കൂടെ സൂചി കേറ്റി
ഓക്സിജൻ കുറ്റിയിൽ
മൂക്കുചേർത്തു കിടക്കുന്നതിനെക്കാൾ
അപരിചിതരുടെ നിശ്ശബ്ദതയാവാം
വിഹ്വലമെങ്കിലും, പ്രിയപ്പെട്ടത്.

പുഴ കാണുമ്പോൾ–
എനിക്ക് പരിചയമില്ല
ഞാനിതിലിറങ്ങുകയില്ലയെന്ന് ശഠിച്ചാലും
പാദമെങ്കിലും നനച്ചേ പോരാവൂ.
അതിന്റെ കാൽക്കൽനിന്ന്
ഒരു മൺതരിയെങ്കിലും കൊണ്ടേ
കാലുകൾ നീങ്ങാവൂ.

പരിചയം നല്ലൊരു പരിചയല്ല
പരാജിതന്റെ കൈപ്പിടിയിൽനിന്ന്
തെറിച്ചുപോകുന്നത് വാളല്ല, വിരലുകളാണ്.
ഈ കിടപ്പിൽ എത്രയോ ദൂരങ്ങൾ
താങ്കൾ കടന്നുപോയിട്ടുണ്ടാവും
നടന്നും ഇരുന്നും മുഷിഞ്ഞ കാലങ്ങളിൽ
അകന്നുപോയിരുന്ന നക്ഷത്രങ്ങളിൽ
ഒന്നുരണ്ടെണ്ണമെങ്കിലും
താങ്കളുടെ പുതപ്പിനു കീഴിൽ
ഇപ്പോൾ ഒളിച്ചുവന്നിരുപ്പുണ്ടാവാം
എങ്കിലും
കുറെ മെഴുകുതിരികളും
തീപ്പെട്ടിയും കൊണ്ടുവരുന്നുണ്ട്
മുറിഞ്ഞുമുറിഞ്ഞു കൂടുന്ന മയക്കത്തിന്റെ നാളങ്ങളിൽ

വിരലോടിക്കാൻ നിനക്കിഷ്ടമായിരുന്നല്ലോ.
ചക്രവാളങ്ങൾ കടന്നുപോകുന്ന
നിന്റെ കപ്പലുകളാണ്
കടലിടുക്കിൽ ഏകാന്തമായി പറക്കുന്ന
നിന്റെ ചിത്രശലഭങ്ങളാണ്
നിനക്ക് ശ്വസിക്കാനുള്ള സ്വപ്നമാണ് വാക്കുകൾ.
എന്ന് നീ പറയാറുണ്ടായിരുന്നു.
അതിനാൽ നിനക്ക് പ്രിയപ്പെട്ട പുസ്തകങ്ങൾ-
പ്രത്യേകിച്ച് 'അവസാനത്തെ ഇല' -
കൊണ്ടുവരണമെന്ന് നീ പറഞ്ഞിരുന്നു.
എങ്കിലും ഇന്ന്,
ഈ പത്തുമണിപ്പൂക്കളിൽനിന്ന്
ഒരു പൂവുമാത്രം
മാറത്തു വച്ച കൈയിൽ തിരുകിവച്ച്
ഞാൻ പോരും
-പൊടുന്നനെ ഉണർന്ന്
താങ്കളെഴുന്നേറ്റു നടക്കാൻ തുടങ്ങും
ഒരു കൊടുമുടിയിലെന്നപോലെ
കവിത അപ്പോൾ നിനക്ക് പ്രാണവായുവാകും
പുഴ-നിന്റെ അമ്മ-
അപ്പോൾ നിന്നെ വിളിക്കും
നീ ഇറങ്ങിവരും
നായാഹ്നങ്ങളിൽ കണിക്കൊന്നക്കീഴിലിരുന്ന്
നാം ഒന്നിച്ച് വായിച്ച വചനങ്ങൾ
നീയോർത്തെടുക്കും
അപ്പോൾ ഈ ഭൂമിയിൽ, ആകാശത്ത്
നിനക്ക് അപരിചിതമായി ഒന്നുമുണ്ടാവില്ല.
ഓർമ്മകൾ അപ്പോൾ നിനക്ക്
ഒരു മിന്നാമിനുങ്ങെങ്കിലുമാവാതിരിക്കില്ല:
*"വരൂ മിന്നാമിനുങ്ങേ
നിയെന്റെ മുറിയിലേയ്ക്കു വരൂ
ഈ കിടക്കയിലിരിക്കൂ
കണ്ണൊന്നുകൂടി ഇറുക്കൂ

ഈ കൊച്ചുമുറിയിൽ നിന്റെ
മുറിഞ്ഞ വെളിച്ചം പരത്തൂ
എന്റെ മനസ്സിലേയ്ക്കും”

---

* പത്തുമണിപ്പൂക്കൾ: അയ്യപ്പപ്പണിക്കർ

## പേന

എത്രയെത്ര
പേനകളുണ്ടെൻ കൈയിൽ

കുട്ടികൾ വീട്ടിൽ വരുമ്പോൾ
കാട്ടിക്കാട്ടി കൊതിയൂറിച്ച്
എഴുത്താളർ പടികടന്നുവരുമ്പോൾ
എടുത്തുമാറ്റിയൊളിപ്പിച്ച്
എത്രയെത്ര പേനകൾ

ഇതിലേതെൻ തൂലിക:
മഞ്ഞ
നീല
ചെമപ്പ്
പച്ച
പിന്നെയുമെത്ര നിറപ്പേനകൾ
ഇസ്തിരിയിട്ടു മിനുക്കിയ
ഷർട്ടിൽ പലകോലം ചാർത്തിയ പേനകൾ
ഇന്നാ പഴയൊരു സ്കൂളിൽ പല
തല്ലേറ്റു കിടുങ്ങിയ ഡെസ്ക്കിൽ
എന്റെ മഷിക്കുപ്പിക്കുഴിയിപ്പൊഴുമുണ്ടോ
തട്ടിത്തൂവിയ ഭൂപടങ്ങളുമുണ്ടോ.

കൈവിരലിൽ നീലവടുക്കൾ ബാക്കി
ചൂരലടിപ്പാടും ബാക്കി

കുത്തിയിരുന്നു മുലപ്പാലു കൊടുക്കുംപോലെ
എത്ര നിറച്ചൂ പേനകൾ
പിന്നെ ചോരയൊഴുക്കു നിലച്ചതുപോലെ
മഷിപ്പേനകളും പോയി.

ഇന്നോ പലവർണ്ണ-
മഷിക്കുഴലിട്ടൊരു പേനകൾ
നന്നേ നന്ന് കിരീടപ്പേനകൾ

ഒഴിയുതോറും ചാമ്പുകവേണ്ട
ചോർന്നൊലിക്കുക വേണ്ട.

ഒട്ടുപേനകൾ
ഒപ്പുപേനകൾ
കടലാസിൽ മുട്ടുംമുൻപേ
എഴുതിക്കാട്ടും പേനകൾ

യൂസ് & ത്രോ & ത്രിൽ
നീയും ഞാനും തമ്മിൽ
എത്രയെളുപ്പം തീർന്നൂ.

എങ്കിലുമൊരുവൾ
ഒരിക്കലെനിക്കായ്
സമ്മാനിച്ചൊരു തൂലിക നോക്കൂ:

എത്രയെത്ര
പേനകളുണ്ടെൻ കൈയിൽ
എങ്കിലുമീയൊരു ഓർമ്മ തൊടുമ്പോൾ
ആരോ
എഴുന്നള്ളിവരുന്നുണ്ടെന്നൊരു തോന്നൽ
ഞാൻ
കളമെഴുതിപ്പാടുകയാണെന്നൊരു തോന്നൽ.

## ഇത്രയേ ഉള്ളൂ

പറന്നെത്തേണ്ടതായിരുന്നു
ചിറകില്ലാഞ്ഞല്ല
ചിലപ്പോഴൊരമാന്തത്തിൽ.

നിനക്കിഷ്ടം കാക്കയോട്
നിനക്കിഷ്ടം കാക്കപ്പൊന്നിനോട്
നിനക്കിഷ്ടം കാക്കക്കുളി
ഇഷ്ടമില്ല കാക്കക്കുയിലിനെ.
നിൻ കാകാവിളി കേട്ട്
ഓടിയെത്തിയിരുന്നല്ലോ ഞാൻ.

കാണാറുണ്ടായിരുന്നു
നീയാ ചായക്കടയിൽ വരുന്നതും
ആർത്തിയിൽ ചായ മോന്തിയിരിപ്പതും
നിറം പിടിച്ച നേരുകൾ
നിവർത്തി വായ്പ്പതും
മുഷിഞ്ഞെഴുന്നേറ്റു പോകുന്നതും.

തോളിലെ തോർത്ത്
ചെവിയിൽ തിരുകിയ നാണയം
ചുണ്ടിൽ പറയാൻ മറന്ന തമാശ
കാർക്കിച്ചു തുപ്പൽ
കാൽവണ്ണയിൽ പിടയ്ക്കും ഞരമ്പിൻപാമ്പുകളെ
മുറുക്കിക്കെട്ടിയ
പട്ടാള വീരസ്യത്തിൻ 'പട്ടീസ്'.

പാടത്തേയ്ക്കൊരെത്തിനോട്ടം
ചള്ളുകതിരൊന്നു കടിച്ച്
നെഞ്ചിൽ കൈവെച്ച്
മാനത്തേയ്ക്കൊരു മലർന്നുനോട്ടം
-ചതിച്ചുവോ.

ഇന്നു പുലർച്ചയ്ക്കു നിന്നെ കണ്ടില്ല

ചായക്കടത്തിണ്ണയിൽ.
കോലായയിലിരുന്നെന്തോ
വായിപ്പതു കണ്ടുവോ ഞാൻ
പിന്നെ നീ എഴുന്നേറ്റ്
പതുക്കെ പാടത്തേക്കിറങ്ങുവതോ കണ്ടുവോ
പാടത്തെ കതിരെടുത്തു ധ്യാനിച്ചു നീ
പിടഞ്ഞു വീഴുന്നതെൻ
ചെരിഞ്ഞ കണ്ണാൽ കണ്ടുവോ.

ചായക്കടയിൽ കൂട്ടം കൂടുവോർ
പറയുന്നതു കേട്ടുവോ ഞാൻ:
രാമായണം പകുത്തു
വായിക്കുകയായിരുന്നു
പൊടുന്നനെ നിർത്തി
ബാക്കി വായിക്കാൻ
വീട്ടുകാരിയെ ഏല്പിച്ചിറങ്ങിയതാണത്രെ....
ഇത്രയേ ഉള്ളൂ
നമ്മടെയൊക്കെ....

കാൽക്കൽ ഞാൻ
പറന്നെത്തേണ്ടതായിരുന്നു.

## വേഴ്ച

എത്ര പാവം വാക്കുകൾ:
മഴവെള്ളം വലിച്ചുകുടിക്കും പിളർകൊക്കുകൾ
ഇന്നലെയാരോ മാറ്റിവെച്ചതാണെൻ തല
ഇന്നു നീയതെടുത്തു വെച്ചൂ
എന്നുടലിൽത്തന്നെ.

എത്ര ലളിതം വാഗ്ദാനങ്ങൾ:
പൊട്ടിവീഴും പാറയ്ക്കു കീഴിൽ
പെട്ടാലുമുടയില്ല
നീ കുടിയിരിക്കുമീ നെഞ്ചം.
നിന്നെ നീയല്ലാതാക്കു-
മൊന്നിനും കൂട്ടല്ല ഞാൻ
എനിക്കു നിന്നെത്തന്നാൽ
നിനക്കീയെന്നെത്തരാമെന്നതു കടംകഥ
വിധിച്ചതു കാത്തിരിപ്പിൻ
പനിപ്പാത

ഉടലിൻ ജലപ്രവാഹത്തിൽ
ചെറുമീനായെന്നാത്മാവു
പൊള്ളിപ്പിടയ്ക്കുമ്പോൾ
ഈ വനം ഈ പുഴ മുറിച്ചുകടക്കും നീ
അക്കരെയിരുന്നിടവേളയിൽ
വീർപ്പിട്ടേയ്ക്കാം:
'എപ്പൊഴോ വേട്ടു നമ്മൾ
എപ്പൊഴോ പിരിഞ്ഞുപോയ്.'
എങ്കിലും, ശീതം പോയി
പൂക്കാലം വരുമെന്ന്
മന്ത്രിച്ച് മാനം നോക്കി
നരച്ച നിഴൽകളേ
ഇറക്കിക്കിടത്താറായ്
ഈ വന്യമൃഗത്തിനെ.

## ഒരാൾ

കാലം മാറിയതറിയാതെ
ഇപ്പൊഴും കിളികളും മഞ്ചാടിയുമായ്
വട്ടംചുറ്റി
പാവാടയിൽ കാറ്റുനിറച്ച്
ഇക്കണ്ട വഴിയെല്ലാം നീ വഞ്ചിയാക്കിയോ.

വാക്കുകിട്ടാതെ പിടഞ്ഞ കണ്ണുകളെ
ദൂരം തേടിപ്പോയ വാക്കുകളെ
ഓർത്തിട്ടു കാര്യമില്ല
ചുഴിയിൽ വഞ്ചി തിരിഞ്ഞുഴറുകയാണ്
നീ കാണുന്നില്ലേ.

വീഴാറായ മരത്തിന്റെ
പകച്ച നോട്ടങ്ങളെ
ചോരകക്കിയ ചിറകിൽ
മുട്ടിനില്ക്കുന്ന അനന്തതയെ
ഈ പൂക്കളെ
എത്രകാലം ഓമനിക്കും.
ഇതാ ഇപ്പോൾ അല്ലെങ്കിൽ നാളെ
നീർപ്പൊള്ളം പോലെ
തുളവീണൊഴിയുന്ന കാറ്റുപോലെ
നിന്നുരയ്ക്കുന്ന ഓർമ്മപോലെ.

എങ്കിലും ചുറ്റിത്തിരിഞ്ഞാഴ്ന്നുപോകുമ്പൊഴും
ഒരുനാൾ കൊത്തിപ്പിരിഞ്ഞ്
മറുനാൾ കൊക്കുരുമ്മി
നിഴൽനൂലുകളുടെ ഊടും പാവുമായി
ഓർത്തുകൊണ്ടിരിക്കുന്നു:

ഉള്ളിൽ നീ വച്ചതു തീക്കരുവാ,ണതറിയാതെ
കൊത്തിയെടുത്തു പറക്കും കിളിയുടെ
പിന്നാലെയോടിത്തളരുകയാണൊരാൾ.

## മടക്കം

നീ എനിക്കൊരു വട്ടിനിറയെ സമയം തന്നു
അത് ആകാശത്തു വിതച്ചു
ഭൂമിയിൽ വിതച്ചു
നരകത്തിൽ കൊയ്തു
പതിരുകളെയോർത്തു വിലപിച്ചു.
തരിക എനിക്കൊരു കുമ്പിൾ നിമിഷം കൂടി
കണ്ടുമറന്ന മുഖങ്ങളെ കാട്ടിത്തരുന്നതിന്
കാണാമറയത്ത് വലിച്ചെറിഞ്ഞ കുഞ്ഞുങ്ങളുടെ
വിഷാദങ്ങൾ ശാപങ്ങൾ കൈക്കൊള്ളുന്നതിന്
അടികൊണ്ടു തിണർത്ത് തുടിപ്പറ്റ പെങ്ങളോട്
മാപ്പിരക്കുന്നതിന്
തനിക്കുള്ളതെല്ലാം എനിക്കു തന്നു
പിരിഞ്ഞുപോയ സുഹൃത്തിന്റെ മുൻപിൽ
വീണുപിടയ്ക്കുന്നതിന്.

ധൃതിയും വെപ്രാളവുമായി
കത്തിയും വാളുമായി
എന്റെ കാലം കടന്നുപോയി
കറുപ്പിൽ കുറിച്ചിട്ട കാഴ്ചകൾ നരച്ചിറങ്ങി
തുടുപ്പിൽ തൂവലിട്ട മിനുസങ്ങൾ ജരപിടിച്ചു.

ഒരുവട്ടി നക്ഷത്രങ്ങൾ നീ എനിക്കു തന്നു
കുഞ്ഞുമിഴികളെപ്പോലും കാണിക്കാതെ
ഞാനവ സൂക്ഷിച്ചുവെച്ചു
നക്ഷത്രപ്പത്തായം തുറന്നപ്പോൾ
അവ ചരൽക്കല്ലുകളായിത്തീർന്നിരുന്നു.
ഒരു സൂര്യനെ നീ എനിക്കു തന്നിരുന്നു
മറ്റൊരു സൂര്യനാകാനുള്ള കുതിപ്പിൽ
അതിനെ ഞാൻ മറന്നുകഴിഞ്ഞിരുന്നു
അതാ, അത് മറഞ്ഞു മറഞ്ഞുപൊകുന്നു
മറ്റൊരു ചക്രവാളത്തിൽ.
നീ  തന്ന സമയം കഴിഞ്ഞുപോയിരിക്കുന്നു

നിന്റെ കൈകൾ നീണ്ടുവരുന്നു
നിന്റെ ഒക്കത്ത് അമരുംമുമ്പേ
ഈ ചെറുതിരയടി ഒടുങ്ങും മുമ്പേ
തരിക എനിക്കൊരു കുമ്പിൾ നിമിഷംകൂടി
-എല്ലാമൊന്നോർത്തു നോക്കട്ടെ
എന്തായിരുന്നു എന്റെ നിറമെന്ന്
എന്തായിരുന്നു എന്റെ അർത്ഥമെന്ന്
എന്തായിരുന്നു എന്റെ ശബ്ദമെന്ന്
ഇത്തിരി പിറകോട്ട് എന്നെ നടത്തിക്കൂ
-കാണട്ടെ ഞാനെന്റെ
പോയ്പ്പോയ നിഴലുകളെ
ആരോ തന്ന കുപ്പായമിട്ട്
തണുപ്പാറ്റിയ പുലർകാലങ്ങളെ
ആറ്റിറമ്പത്ത്, കണ്ണീർ വരണ്ട്
വേർപെട്ട സന്ധ്യകളെ
ആരേയും നോവിക്കാതെ നടക്കണമെന്ന്
മോഹിച്ചു നടന്ന് ഒടുവിൽ
എല്ലാവരെയും തീക്കുണ്ഡത്തിലാഴ്ത്തിയ
എന്റെ ഉന്മത്തദിനങ്ങളെ.

## പൊതിക്കാള

മധുരം വേണ്ട നിനക്ക്
ഞരമ്പുകൾ കലഹിക്കും
പുളിപ്പിച്ചു മധുരിപ്പിച്ച വാക്കൊന്നും പറയുന്നില്ല.

മരിച്ചപ്പോൾ കരക്കാർ പണം പിരിച്ചു
പുതപ്പിച്ച പട്ടിനെപ്പറ്റിയും പറയുന്നില്ല
ഒരുത്തൻ പോയിയെന്നതോ
ഇടവഴിയിലൊരാൾ കുറഞ്ഞുവെന്നതോ
പിണക്കക്കാരെക്കൂട്ടി-
യൊരുമിപ്പിക്കാൻ തുനിഞ്ഞിറങ്ങിയോൻ
ഇണക്കമറിയാതെ മറഞ്ഞുവെന്നതോ
മറന്നുപോയതിനെപ്പറ്റിയും പറയുകയല്ല
അല്ലെന്നോ ഇല്ലെന്നോ പറയുന്നതിലുർത്ഥമില്ല.
ആണെന്നോ ആയിരുന്നെന്നോ
ആണ്ടിപ്പണ്ടാരങ്ങൾക്കിരുട്ടത്തൊരു
ചൂട്ടായിരുന്നു നീയെന്നോ പറഞ്ഞാലുമർത്ഥമില്ല.
ഇരുൾക്കട്ടകളായ് തിങ്ങും പുരകളിൽ
പുതുസിനിമയും കണ്ടു രസിക്കുന്നൂ കരക്കാ-
രെന്നു പറഞ്ഞാലും
നിന്റെ യാത്രയിലവർക്കില്ല ഖേദമെന്നർത്ഥമില്ല.

ഓരോരുത്തരൊഴിഞ്ഞുപോകുമ്പോൾ
ഓരോ ബാധ തീരുന്നു
പിന്നെയതു തന്നെ ബാധിക്കാതിരിക്കാനല്ലേ
ഇരുട്ടുകൊണ്ടൊട്ടയടയ്ക്കുന്നു നാം, ക്രൂര-
മൗനത്തെ പെട്ടിപ്പാട്ടിനാൽ പൊളിക്കുന്നു.

വൃഥാ നീ നിമിത്തം നീയല്ലാത്ത
പലതിനെപ്പറ്റിയും പറയുന്നു
അപരാധമതിൽപരമുണ്ടോ സഖാവേ.
എങ്കിലും നടുറോട്ടിൽ പൈപ്പുപൊട്ടി-
ക്കലങ്ങിക്കുത്തിയൊലിക്കുമീ നാൾകളിൽ
നീയുണ്ടായിരുന്നെങ്കിൽ

ഇതിന്നറുതി തീർച്ചയെന്നാശിച്ചുപോകുന്ന
ഒന്നുരണ്ടാളെങ്കിലുമിപ്പൊഴുമിക്കരയി-
ലുണ്ടെന്നു മാനിച്ചുവെങ്കിലതിശയിക്കേണ്ട.

പുതിയ പാർപ്പിടക്കാരനായ്
ഇവിടെ ഞാൻ വന്ന നാൾ മുത-
ലെനിക്കു നീ പെരിയ സാമി,
നിൻ നിഴൽ ചവിട്ടാതെ,
പകലറുതികളിലൊപ്പം നടക്കേ
പലരെച്ചൂണ്ടിപ്പറഞ്ഞ കഥകളിൽനിന്നു ഞാൻ
ചിലതെടുത്തു കരുതുകകൊണ്ടെന്റെ
മുഖകവചങ്ങളഴിഞ്ഞൂ പതുക്കനെ.

വയലിൽ നിന്നു മുളച്ചുയർന്നുള്ളൊരീ
പുതിയ പാർപ്പിടക്കൂട്ടങ്ങളിൽ
ഇഴയടർന്നുരുകുന്നൊരെന്നാത്മാവു-
മൊരു പൊതിക്കാളയായിരുളിലമറുമ്പോൾ
സൂര്യനോളം നീ പോയിവന്നു
നിൻ ഞരമ്പുകൾപോലെയീ വൈദ്യുതക്കമ്പികൾ
നിൻമിഴികൾ പോലെയീ വെട്ടം.
ഒന്നു തൊട്ടാലതിൻ ഫലം കണ്ടേ
പിൻമടങ്ങൂ – അതേ നിന്റെ നേട്ടം.

'കാടെരിയുന്നു' വിളിച്ചുപറഞ്ഞു നീ കൂടെക്കൂടെ,
അകത്തു തഴുതിട്ടു പുതുപുത ചാനലിൽ
ഞെക്കി ഞെക്കി രസിച്ചൂ കരക്കാർ.
നീയൊറ്റയ്ക്കൊരു കുടം വെള്ളവുമായി
കാട്ടിലേക്കോടിപ്പോവതുകണ്ടെന്നു
പാടുവോരതു പാടിനടക്കട്ടെ.

വയലിൽനിന്നും പിറന്നുവളർന്നൂ
ഫയലുപൊട്ടിച്ചു ചിന്നം വിളിച്ചു നീ
പീള കെട്ടുന്നു കൺകളിൽ നിശാ-
ധർണകൾ
പാടകെട്ടുന്നു തിളയ്ക്കുന്നു ലോക്കപ്പു

താരാട്ടുപാട്ടുകൾ നെഞ്ചിൽ.
മിണ്ടാപ്രാണിയാമോർമ്മയിൽ
ആഞ്ഞടിക്കുന്നു
നിൻകൊടിക്കൂറകൾ.

വഴിമാറിനിൽക്കൂ
ആരാണ് നിങ്ങൾ – 'ഞാൻ ഇന്നലെ...'
ഇന്നെ എന്തുമായിരിക്കാം, ആരുമായിരിക്കാം,
നിങ്ങളിന്നെന്താണ്....
ഒന്നുമല്ലൊന്നുമല്ല
ആർക്കും പറയാൻ കഴിയും ചില
തഴമ്പിന്റെ ഗാഥകൾ.

ഇരുട്ടുകൊണ്ടെങ്കിൽ ഇരുട്ടുകൊണ്ട്... ഓട്ട-
യടയ്ക്കാൻ വരുവിൻ
കരയോഗനാഥരേ.
നന്ദിയെന്നതു പന്നിയോ ധേനുവോ
കൊന്നുവെങ്കിലോ ധന്യരായ് നാഥരേ.

## എത്ര യാദൃച്ഛികം

എത്ര യാദൃച്ഛികം:
ഒരു ഞൊടി വേണ്ട, നാമാരൊക്കെയായി
കറുത്തു മറയുന്നു.
സൂരിയൻ ചന്തിരനാവുന്നൂ
ചന്തിരൻ സൂരിയനാവുന്നൂ
നക്ഷത്രമെത്ര പിറക്കുന്നു
നക്ഷത്രമെത്ര മരിക്കുന്നു
എത്ര ഇരുണ്ട വഴിക,ളതിലൊരു
മിന്നാമിനുങ്ങിന്റെ ചഞ്ചലപ്പുഞ്ചിരിനോട്ടം
എത്ര യാദൃച്ഛികം.
ഇത്രയും നാൾ നിന്റെ
കിന്നാരവലയിൽ ഞാൻ വീഴാതിരുന്നതും
വല്ലപ്പൊഴും കടം തന്നാലതു
കൃത്യം തിരികെത്തരാനെന്നെ ദൈവം
ജയിപ്പിച്ചു വെയ്പതും
എത്ര യാദൃച്ഛികം.
കാലം നദിയായൊഴുകുന്നുവെന്നു
കവികൾ പറഞ്ഞതും
കാലിന്നടിയിലെ മണ്ണുമൊലിച്ചുപോ-
മെന്നു വിലപിച്ചതും
വെറുതെയാവില്ല.
ഓർക്കുക: പണ്ടൊരു നദിയിലൊഴുക്കിൽ
ഒരാൾ തന്റെ മേൽവസ്ത്രമൂരിയെറിഞ്ഞുകൊടുത്തതാ-
ണങ്ങേക്കടവത്തു നില്ക്കുമൊരു ദരിദ്രയ്ക്കു
നാണം മറയ്ക്കാനുതകി
-എത്ര യാദൃച്ഛികം.

ഇതൊക്കെ പറയുവാൻ
എന്തൊരു ന്യായ,മെന്നല്ലേ-
നിൻ മുന്നിലിന്നീ ഇലയിൽ വിളമ്പിയ
വാഴപ്പഴം.
ഒരു പഴംപോലുമെത്ര യാദൃച്ഛികം

അതിനുമൊരു കഥയുണ്ട്:
നദിയെനിക്കു കൂട്ടെന്നു കരുതി,യതിൻ കര-
യ്ക്കൊരു കുടിൽകെട്ടി ഞാൻ
ഒരുനാൾ കടവിൽ കുളിക്കുമ്പൊഴുണ്ടൊരു
ചെറുവാഴക്കന്നുണ്ടൊലിച്ചുവരുന്നൂ
വെറുതെ കളയുവാൻ തോന്നിയില്ല
അതുഞാനെൻ കുടിലിന്റെ ഇറയത്തു നട്ടൂ
അതിനെത്താലോലിച്ചെൻ മുല ചുരന്നൂ
അതു കുലച്ചു പിന്നെയണ്ണാരക്കണ്ണന്മാർ
അതിലൂയലാടി, തേൻ കുടിച്ചൂ
മൂത്തൊരാ പച്ചക്കുല വെട്ടിവെച്ചു
വൈക്കോൽ പൊതിഞ്ഞു തപസ്സിരുത്തി.

ഇപ്പഴമാദ്യമായ് സാറിനുതന്നെ
നേദിക്കണമെന്ന് തോന്നിച്ചൊരാൾ
മോളിൽ നില്പുണ്ട്.
കോച്ചിവലിക്കുന്ന പ്രേമമല്ല
വീങ്ങി വിയർക്കുന്ന പഞ്ചാരവാക്കല്ല
കൂടെക്കിടക്കുവാനല്ല, മാടത്തിനെ
മാളികയാക്കിത്തരുവാനുമല്ല
സാറിനോട് എന്തോ - ഒരിത്, എപ്പൊഴും
മാറാവ്യസനത്തിൻ മഞ്ഞിലാഴുന്നു ഞാൻ.

കടവായ കടവൊക്കെ നിന്റെയാൾക്കാർവന്നു
നദിയുടെ ഞരമ്പുകൾ കവർന്നെടുത്ത്
ഇരവുപകലില്ലാതിരമ്പിയിട്ടും
നദിയൊഴുകുമെന്നു കരുതിയ, ഞാനെത്ര മൂഢ.
വയലായ വയലൊക്കെ-
യാകാശവീടുകൾ വന്നപ്പോൾ
അതിനെന്തൊരു ഭംഗി!-
യെന്നു കരുതിയ, ഞാനെത്ര മൂഢ
ഏറെപ്പരുക്കനാണെങ്കിലും നിന്നോടു
ഞാനുള്ളിലെന്തോ കനവിന്നടിയിലും
ഒരു കത്തി ഞാനും കരുതിയിരുന്നുവോ.

സൗമ്യത മായാം അറിയില്ല-
ആൾക്കാർക്കു മാറ്റം വരുന്നതുമെപ്പൊഴോ.
മുറ്റമടിച്ചു പാത്രം കഴുകി
വെച്ചുവിളമ്പി
അലക്കിവെളുപ്പിച്ചു നിന്നെ,
ഒരുപിടിചോറു ഇത്തിരി  ചില്ലറ
എങ്കിലുമിത്തിരി സ്നേഹം -
എന്നുറപ്പിച്ച ഞാനെത്ര മൂഢ.

ഇതു നിന്നോടു പറയുന്നതല്ല
നിനവിൽ കുരുക്കെൻ മുഖത്തു നീ കണ്ടുവോ.
എത്ര മനഃപൂർവം നിന്നെ സ്നേഹിച്ചു ഞാൻ
എത്ര യാദൃച്ഛികം നിന്നെ വെറുത്തു ഞാൻ
ഇതു നിനക്കവസാന വെച്ചുവിളമ്പൽ-
ഇപ്പഴം നുണയുക, വല്ലപ്പൊഴും നല്ല
സ്വപ്നങ്ങൾ കാണാൻ കൊതിക്കുന്നുവെങ്കിൽ
തൊടികളിൽ മണ്ണാത്തിപ്പുള്ളിൻ സ്വരത്തിനായ്
ചെവിയോർത്തു നില്ക്കാൻ കൊതിക്കുന്നുവെങ്കിൽ
ചൂടേറ്റു പുളയുന്ന നാഗങ്ങൾ കൊത്തുവാൻ
പാഞ്ഞുവരുന്ന നാൾ, നല്ലൊ-
രോർമ്മ വിരിച്ചതിൽ
വീണുമരിക്കാൻ കൊതിക്കുന്നുവെങ്കിൽ.

ഇത്രനാളെന്നെക്കുളിപ്പിച്ചു, വയലാക്കി
കതിരാക്കി,യരിയൂട്ടി നിന്ന നദിയിന്നില്ല
ഇത്രനാളെന്റെ കാല്പാടുകളെഴുതിയോ-
രക്കരെയിക്കരെ പഞ്ചാരമണലില്ല
കൈക്കുമ്പിളിൽ സൂര്യചന്ദ്രന്മാരെക്കാണിച്ച
പ്രാർത്ഥനയിന്നില്ല, ഞാനുമില്ലാതെയായ്.
ഇന്നു നിന്നാൾക്കാർ വരും.
അതിനു നന്നായ്
ഒരുങ്ങിയിരിക്കമെന്നു നീ
പറയുന്നതിൻ പൊരുൾ
അറിയാം - അതിനു മുൻപായ്

യാത്ര പറയാതെയെൻ പ്രാരബ്ധക്കെട്ടുമായ്
യാത്രയാവുന്നു ഞാൻ.

## ആരും പരിചിതരല്ല

ആരും മുഖത്തോടുമുഖം നോക്കുന്നില്ല
'ഇലകൾ പച്ച പൂക്കൾ മഞ്ഞ,
ഇലകൾ മഞ്ഞ പൂക്കൾ പച്ച, പാടിക്കൊണ്ട്
കടന്നുപോകുന്നു രാത്രിയുടെ ഗൂർഖ.

ഇന്നും നേരം പുലർന്നു
ചിതയ്ക്ക് വീണ്ടും ജീവൻ വെച്ചുതുടങ്ങി.
ആരുടെയോ
മജ്ജ തെറിപ്പിച്ചു പായുന്ന വണ്ടികളിൽനിന്ന്
പുതിയ ക്രുദ്ധാത്മാക്കൾ
പുറത്തേക്കു ചാടുന്നുണ്ട്.
എന്റെ രാജ്യത്തിലേക്കുള്ള കവാടമാണിത്
ഇവിടെയും ആരും പരിചിതരല്ല.
ഇറങ്ങുമ്പോൾ ആരോ പറഞ്ഞിരുന്നു
നിനക്ക് ജീവനിൽ കൊതിയില്ലേ
കണ്ണുകളടയ്ക്കൂ പ്രഭാതത്തെ മറക്കൂ
ഏതു പ്രഭാതവും
അതിന്റെ മാംസക്കലവറകളിൽ
ഊട്ടിക്കൊണ്ടിരിക്കുന്നു
നിഷ്കളങ്കരായ കൊലയാളികളെ.
ഇരുട്ട് പകൽ പുലർച്ച
ഒന്നും അവർക്കറിയില്ല
കല്പനകൾ അനുസരിക്കുന്നു
വെട്ടി തോളത്തിട്ട
തലകളുമായി തിരിച്ചു ചെല്ലുന്നു.
ലിംഗം കുരിശ് ചന്ദ്രക്കല
എല്ലാം രക്തത്തോണികൾ.

ഇറങ്ങുമ്പോൾ ആരോ പറഞ്ഞിരുന്നു
'നിന്റെ രാജ്യത്തേക്കു കടക്കുമ്പോൾ
കവാടത്തിൽ അവനെ കണ്ടുമുട്ടും.'
പേരു പറഞ്ഞിരുന്നു

ഓർത്തെടുക്കാനാവുന്നില്ല
മേഘങ്ങളിൽ മറ്റൊരു മേഘം പോലെ.

ഭീകരൻ തസ്കരൻ കൂട്ടിക്കൊടുപ്പുകാരൻ
മന്ത്രി കവി... ആരായിരിക്കും അവൻ
പക്ഷേ,
ഒരാളല്ല ഒരാൾക്കൂട്ടം തന്നെ അവിടെ
തണുത്തു വിറച്ച്....
ചിലർ പാതി പറഞ്ഞുനിർത്തി...
ചിലർ അട്ടഹസിച്ച്... ചിലർ
പച്ചമാംസം കോർത്ത
കുന്തത്തിന്റെ വിജയമൗനമായി...
ചിലർ പാതി മറച്ച മുഖത്തെ
മൂക്കുത്തിയിലിറ്റുവീഴുന്ന കണ്ണീരായി....

പേടിപുതച്ച മഹാനഗരത്തിൽ
ആരും പുറത്തിറങ്ങാത്തപ്പോഴും
രാജപാതയുടെ ഗേറ്റിൽ അവൻ ഉണ്ടായിരുന്നു
വട്ടി നിറയെ കുട്ട നിറയെ ധാന്യങ്ങളുമായി.
അവൻ കൈകൊട്ടുമ്പോഴേക്കും
പ്രാവുകൾ പറന്നുവന്നു
അമ്പലങ്ങളിൽനിന്ന്
ഗുരുദ്വാരകളിൽനിന്ന്
പള്ളികളിൽനിന്ന്
അവ അവനെപ്പൊതിഞ്ഞു.
ശിരസ്സിൽ തോളിൽ പാദങ്ങളിൽ
ഉമ്മവെച്ചു
ദേശാടനക്കിളികൾ
ആ ഹൃദയത്തിന്റെ വയലുകളിൽ നിരന്നു
ചിറകളിൽ നീന്തി ചിറകു കുടഞ്ഞു.

ഇന്നു പുലർച്ചയ്ക്കും അവന്റെ കണ്ണുകൾ
അവയെ തൊട്ടുഴിഞ്ഞിരിക്കാം
നിലച്ചുപോകാറായൊരു

നീറ്റുറവിന്റെ ഗദ്ഗദം
അവനെ പിളർന്നിരിക്കാം
മറന്നുപോകാറായൊരു
മായുന്ന അടയാളത്തിന്റെ
ദിഗ്ഭ്രമത്തിലായിരുന്നിരിക്കാം അവൻ.

എല്ലാ മേഘങ്ങളും
ഇന്നിവിടെ പെയ്തുതീരുകയാണ്
എല്ലാ തൂവലുകളും
ഇന്നിവിടെ കൊഴിഞ്ഞുവീഴുകയാണ്
മേഘങ്ങളിൽനിന്ന് എന്റെ ഓർമ്മയെ
അവന്റെ പേരുകൊത്തിയ മേഘത്തെ
തിരിച്ചറിയാനാവുന്നില്ല.
ഓരോ മിന്നലിലും
അവന്റെ കരുണാമയമായ മുഖം ഞാൻ കണ്ടു
ഓരോ ഇടിമുഴക്കത്തിലും
അവന്റെ നിറഞ്ഞ മൗനത്തിന്റെ മന്ത്രം
ഞാൻ കേട്ടു.

## സിലബസിൽ സഞ്ചരിക്കുന്നവർ

ഉപദേശിപ്രസംഗത്തിനുദ്ദേശ്യമില്ല
ഉദ്ദിഷ്ടകാര്യത്തിനു സ്വസ്തി നേരുന്നു
സ്വസ്തിക തിരുനെറ്റിയിൽ ചാർത്തായ്ക
ഗുസ്തിക്കും പോകായ്ക
നല്ല കവിതപോൽ
പാറ പൊട്ടിയുറന്നൊഴുകും  തെളിനീരാവുക.
ഏഴുനിറങ്ങളുമേഴായിരമെന്നാൽ
ഏകമാണെന്നു ധരിച്ചാൽ മുഷിയില്ല.
ഏഴകൾക്കുള്ളിലുമേഭ്യന്മാർക്കുള്ളിലും വരാൻ
ഏകദൈവമേയുള്ളൂ, എപ്പൊഴും തിരക്കാ-
ണതിനാൽ കുറെക്കൂടിയുത്സാഹിച്ചങ്ങോരുടെ
ഛായയായ് കാരുണ്യവാന്മാരായി ഭവിക്കുക.
താൻ പാതി ദൈവം പാതിയെന്നല്ലേ
താൻ പെറാമക്കളെക്കൊണ്ടും ഗതികിട്ടുമെന്നല്ലേ
താനിരിക്കേണ്ടിടം താനിരുന്നില്ലെങ്കിലാ
നായ വന്നിരിക്കുമെന്നല്ലേ
തപ്പിനോക്കണമിടയ്ക്കിടെ
വാലുണ്ടോ മുളയ്ക്കുന്നൂ.
വാലെങ്കിൽ വാല്
വാലായ്മ വേണ്ട തോഴർകളേ
നാലുകാൽ കഥകളി
ഇരുകാലോട്ടം തുള്ളൽ
ഒറ്റക്കാൽപടയണി
കാണുവാൻ മുൻകാൽപൊക്കി
പിന്നോട്ടു നോക്കുമ്പൊഴോ
എന്തൊരു രസികത്തം, നമ്മുടെയാസ്വാദന-
മെത്രമേൽ നവീനമാണെത്രമേൽ പുരാതനം.

വരിക തോഴർകളേ
പുതിയ സിലബസ്സിൽക്കേറുക, പുതിയൊരു
മെത്തഡോളജിയുടെ
മെത്തയിൽ കിടക്കുക.

ഉറങ്ങിയുണരുമ്പോളേവർക്കുമിറങ്ങുവാൻ
ഇടമൊന്നല്ലോ കാശുമൊന്നല്ലോ
കുശുമ്പുമൊന്നാണല്ലോ.
മാർക്കിനെച്ചൊല്ലിത്തർക്കി-
ച്ചേഷണി തികട്ടൊലാ
അത്താഴം മുടക്കൊലാ.
നല്ലതു വരാനായി വല്ലതും പ്രാർത്ഥിയ്ക്കൊലാ
വല്ലതും വരാനായി പ്രാർത്ഥിക്കാനിരിയ്ക്കൊലാ
ക്യാമ്പസ്സേ സ്വർഗ്ഗമെന്നു ധരിക്കാതിരിക്കു
ക്യാമ്പസ്സേ നരകമെന്നറയ്ക്കാതിരിക്കുക
ഇവിടെ പെരുക്കാലനട്ടകൾ ദൈവങ്ങളാ-
ണവരെച്ചവിട്ടാതെ വഴിമാറി നടക്കുക.
ഇമപൂട്ടാതെ ബുദ്ധാ, പറങ്കിമാവിൻ ചോട്ടിൽ
ഇരയാവാതെ പെണ്ണേ, അക്കേഷ്യാമരച്ചോട്ടിൽ.
പടിക്കെട്ടുകൾ കേറിച്ചെല്ലുക ഇണകളേ
ഒരു താരാട്ടിന്നീണം കൊണ്ടുയിർ നിറയ്ക്കുക.

ഇതിലും വലിയൊരു വഴികാട്ടിയെ നിങ്ങൾ
എവിടെക്കാണും -പക്ഷേ
നല്ലതേ നല്ലൂ നല്ലതെന്തെന്നു തിരയുവാൻ
വന്നവരല്ലേ - തേടുക പിന്നെ നേടുക
കിട്ടുന്നതു സമമായ് പങ്കിട്ടെടുക്കാനല്ലേ
കുന്തിച്ചിരുന്നൊരു  തള്ള പണ്ടെന്നോ പറഞ്ഞതും.

ഉപദേശിപ്രസംഗത്തിനുദ്ദേശ്യമില്ല, പക്ഷെ
പറഞ്ഞുപോയീ, എന്റെ
ചൊറിയും നാവിലിത്തിരി-
യുപ്പും മുളകും തേച്ചതു നീയോ ഞാനോ.
പുലർച്ചെ മരക്കൊമ്പിൽ
കൂകുന്നു നീയോ ഞാനോ
പതിനൊന്നിനു വന്ന ചായയ്ക്കു
മധുരമായ് നീയോ ഞാനോ
നാലരയുടെ ബസ്സിൽ പോയ-
തോർമ്മയോ മറവിയോ

## ഒരു കാക്ക

ടി.വി. ആന്റീനയിൽ
കൊക്കുരസുന്നു
മിന്നിപ്പായും വാർത്തകൾ കേട്ടുകൊണ്ടിരിക്കുന്നു
ഒരു കാക്ക.

കഴിഞ്ഞ കൊല്ലവും
അതിനു മുമ്പിലത്തെ കൊല്ലവും
ഒരുപക്ഷേ പണ്ടുമുതൽക്കേ
സകല നേരവും ഇതേ കാക്ക
ഇവിടെയുണ്ടായിരുന്നു.

അതിന് വിഷാദം സദാ
ആളുകൾ ചാവുന്നതായിരിക്കില്ല;
ആരും കൈകൊട്ടി
ഒരു ഉരുളയ്ക്ക് വിളിക്കുന്നില്ല.

കണ്ടതാണൊരുപാട് ചോര
ചോത്തിരിക്കുന്നു കണ്ണുകൾ
മരിച്ചുപോയവരെല്ലാമതിൻ
ചിറകിലുണ്ടൊറ്റക്കറുപ്പായ്.

താക്കോൽ തുളയിലൂടെ കാണാം
റോട്ടിലൊക്കെയും
കുരുതിയൂത്തിരിക്കുന്നു.
ചിതറിക്കിടക്കുന്നു
ചെരുപ്പുകൾ
അവയുടെ പാദങ്ങൾ
കുഞ്ഞുടുപ്പുകൾ
അവയുടെ ഉടലുകൾ
ഭാവിയെത്തേടി
പാപികളായ കണ്ണുകൾ.
അജയ്യരായ് ചിലർ നീങ്ങുന്നു-
ണ്ടവരിൽ പലരും പലപ്പൊഴായ്

വീണ്ടുപിടയുന്നു.

ഞരക്കങ്ങളെ നീനനാദങ്ങളെ
വിഴുങ്ങിപ്പുളയ്ക്കുന്ന ഒച്ചകൾ മാത്രം

നഗരം കീഴടങ്ങുമോ
നാളത്തെ രാജാവാര്
ഒരു കിരാദനിൽനിന്നും മറ്റൊരു
കിരാദന്റെ മുമ്പിലേ-
ക്കെറിയാനുള്ളിരകൾ നാം
ഇങ്ങനെ വിറച്ചാലോ.

നിലച്ചിരിക്കുന്നു ടി.വി.യും
നാഴികകൾക്കപ്പുറ-
മെന്താവോ നടക്കുന്നൂ.

കൊക്കുരസാതെ
കാതോർക്കാതെ
ടി.വി. ആന്റീനയിൽ
ഒറ്റയ്ക്കിരിക്കുന്നു
ഒരു കാക്ക.

# അവന്റെ വിധി

അല്ലെങ്കിൽ ഈ 60-ാം വയസ്സിലെന്തിനാണ്
അവൻ ആത്മഹത്യ ചെയ്തത്
60-ൽ ഒരു വെള്ളപ്പൊക്കം
അവനിൽ സംഭവിച്ചിരിക്കാം
അഥവാ 60-ലായിരിക്കാം അർത്ഥശൂന്യത
അവനെ ഉൽക്കപോലെ  വന്നിടിച്ചത്.
ലോട്ടറിടിക്കറ്റിന്റെ ...
മുടിയരായ മക്കളുടെ...
മുഖം കറുപ്പിച്ച അയൽക്കാരിയുടെ...
ഇങ്ങനെ പലതിന്റേയും തോണികൾ
ആളുകൾ ഒഴുകിക്കൊണ്ടിരുന്നു
ഒന്നിലും കയറിപ്പറ്റാൻ അവനാകുമായിരുന്നില്ല.
ജീവിതം അപരിചിതനാക്കിയ അവനെ
ഒരെത്തിനോട്ടത്തിന്റെ വഴിപാടാക്കുന്നതെന്തിന്
നേരമ്പോക്കിന്റെ നോക്കുകുത്തിയാക്കുന്നതെന്തിന്
പരിഹാസം ഒരു രക്ഷോപായമാക്കുന്നതെന്തിന്.

രാമരെ ആർക്കാണറിയാത്തത്.
കുട്ടിക്കാലത്തെ
അന്തിമിനുക്കം പോലുള്ള ഓർമ്മയിൽ
ചെവിയിൽ മച്ചിങ്ങ തൂക്കിയിട്ട്
ആരൊക്കെയാണ് ശീട്ടുകളിച്ചിരിക്കുന്നത്.
പലരും മാഞ്ഞുപോയി
ഒരാൾമാത്രം കണ്ണിലുണ്ട്
മണ്ണുകേറി ചിരിച്ചുനിൽക്കുന്ന പൊൻമുളപോലെ.
ദൂരെ പറമ്പിൽ വയലിൽ
ഒരു കറുത്ത തലയും കൈക്കോട്ടും
പൊന്തുന്നൂ താഴുന്നൂ
പളുങ്കുമണികളുതിരുന്ന ഉടൽ.
വളർന്നു വലുതായെന്നു നടിച്ചാലും
ഇപ്പോഴുമെൻ ചുണ്ടിൽ പുകയുന്നു
അവന്റെ ബീഡിക്കുറ്റി

ഇപ്പോഴുമെൻ നെഞ്ചറയിലിരുന്ന്
അവൻ ചുമയ്ക്കുന്നു
ബ്രഹ്മാണ്ഡവീടു കുലുങ്ങുന്നു.
അവൻ നായയല്ലെനിക്ക്
എങ്കിലും ചുമയ്ക്കുകയല്ല
കുരയ്ക്കുകയാണവൻ.
പകൽമൗനങ്ങളെ മുഴുവൻ കഫക്കെട്ടാക്കി
പുലർച്ചെ ചുടുചായ മോന്തുവാൻ
മേലേ പാതയിലേക്കു കുതിക്കുമവന്റെ
കുരകേട്ടാണു പലപ്പോഴും ഞാനുണർന്നത്.
ഇനിയും മനസ്സിലായില്ലേ
അവൻ ഒരു കൃഷിക്കാരനായിരുന്നു
കൃഷിക്കാരന്റെയാത്മാവിങ്ങനെയാണ്
വിത്തെടുത്തുണ്ണുവാൻ
അവന്റെ കൈവിറയ്ക്കും, പക്ഷേ
വിത്തുകൾ ചിലപ്പോഴിങ്ങനെ
വിഷം തീറ്റും
ആരും തടുക്കാനില്ല
കീറപ്പായിൽ പൊതിഞ്ഞുകെട്ടി കുഴിച്ചിടുക
നാളത്തെ മണ്ണിനു വളമാണിത്.
കടംമേടിച്ചതിൻ പ്രൊനോട്ടുകൾ
ജപ്തിനോട്ടീസുകൾ,
മരുന്നുതന്നെ രോഗമായ്
റാഞ്ചിയെടുത്ത കിളിന്തുകൾ,
ആശ്വാസക്കെണിയുടെ മുദ്രപത്രങ്ങൾ
കൊടികൾ പ്രസ്താവനകൾ
ഒക്കെയും അവനോടൊപ്പം മൂടുക.
ശേഷിക്കുമൊരേയൊരു
തരിമ്പു സ്നേഹത്തിനെ
നാട്ടുക അതിൻമോളിൽ
പിന്നെ, അവളെ പിച്ചിച്ചീന്തുക.

ഒരുപാട് വെയിൽ കുടിച്ച ആ നട്ടെല്ലിനെ

ഇപ്പോൾ എല്ലാ വയലുകളിൽനിന്നും
മുക്തി നേടിയ അവനെ
ഒരുവേള ഞാനും മറന്നുപോയല്ലോ.
എങ്കിലും ഈ അന്ത്യത്തെ
ഞാനിങ്ങനെ പിന്താങ്ങുന്നു:
ഒരുപക്ഷേ 60-ാം വസ്സിലായിരിക്കാം
ഒരു അഗ്നിപർവ്വതത്തിന്റെ കരു
സ്വന്തം ഉള്ളിൽ അവൻ കണ്ടത്
അതു പൊട്ടും മുമ്പേ
അവൻ തന്നെത്തന്നെ ഉടച്ചിട്ടു.
യഥാർത്ഥത്തിൽ
സംഭവിക്കാനിരിക്കുന്നതിന്റെ
അടയാളമാകാനായിരുന്നു അവന്റെ വിധി.

## അവൻ ബുദ്ധനായിരുന്നില്ല

അവൻ ഉറക്കംതൂങ്ങി,
പിറന്നപ്പോഴും
വളർന്നുകരഞ്ഞപ്പോഴും.
താലികെട്ടുമ്പോൾ മുഖം കണ്ടില്ല
തുറുമ്പോൾ ഉറക്കംതൂങ്ങി,
മധുവിധുവിലും.

ഉറക്കംതൂങ്ങികുഞ്ഞുങ്ങൾക്കുമപ്പുറത്ത്
ഇരവിനും പകലിനുമപ്പുറത്ത്
ഏതോ വൻകരയിൽ
ഏതോ ദ്വീപിൽ
ഇപ്പോൾ അവൻ ഉണർന്നിരിക്കുന്നു
താൻ എന്തെങ്കിലും ഉപേക്ഷിച്ചുവെന്നോ,
താൻതന്നെ ഉണ്ടായി പല ശീലങ്ങളുടെ
തടവുകാരനായെന്നോ,
താൻതന്നെ പിളർന്ന് പല അണുക്കളായെന്നോ,
പാപവും പുണ്യവും തമ്മിൽ അങ്കം വെട്ടിയെന്നോ,
തനിക്കൊരു പെണ്ണും പൂവനുണ്ണിയും കിരീടവും
ഉണ്ടായിരുന്നുവെന്നോ,
ഓർക്കുവാൻ കഴിയാതെ
എന്നാൽ, ദുരിതനരകങ്ങളുടെ ചോരയും കണ്ണീരും
കാട്ടിത്തന്ന ആ ധന്യനായ ചങ്ങാതിയെ–
കുതിരക്കാരനെ–
ഇരുളിലൊരു നിഴൽപോലെമാത്രം ഓർക്കാൻ
അത്രയ്ക്ക് വിതുമ്പലമർത്തി
പാവം അവൻ ഉണർന്നിരിപ്പായി,
ഒരു ഇരുണ്ട കടുകുമണിപോലെ.

എന്നാൽ,
അവസാനദിവസം വന്നു.
അവൻ മലർന്നുകിടന്ന്
ആകാശങ്ങളോട് എന്തോ പറഞ്ഞുകൊണ്ടിരുന്നു.

കരിമ്പനകൾക്കിടയിൽ ഗ്രഹണം കണ്ട്
പൂമ്പാറ്റകളും ഞാഞ്ഞൂളുകളുമെല്ലാം
അവന്റെ കാൽക്കൽ പ്രാർത്ഥനകളായി.
പൂമ്പാറ്റകളോട് അവൻ പറഞ്ഞു:
"നിങ്ങളുടെ പൂക്കൾ ഞാൻ കൊണ്ടുപോകുന്നില്ല
പക്ഷേ, പുഴുക്കൾക്ക് കുഞ്ഞുടുപ്പ് തുന്നാൻ മറക്കരുത്."
ഞാഞ്ഞൂളുകളോട് അവൻ പറഞ്ഞു:
"നിങ്ങളുടെ പിതാക്കളെ - സർപ്പങ്ങളെ -
ഞാൻ കൊണ്ടുപോകുന്നില്ല.
പക്ഷേ കൃഷിക്കാരനെ കാത്തുകൊള്ളാൻ മറക്കരുത്."
ദ്വീപുവാസികളോട് അവൻ പറഞ്ഞു:
"മരണത്തിന്റെ പുറത്ത് സഞ്ചരിക്കുവിൻ,
നീണ്ടരാത്രിക്കുമുമ്പ്
ഒരു തളിരും ഒരു തുള്ളിത്തേനും
സൃഷ്ടിക്കാൻ ശ്രമിക്കുവിൻ.
പോക, സ്വയം പ്രകാശമാകുവിൻ."

പിന്നെ,
വറവുശൂരിനായി മൂക്കുവിടർത്തി
അവൻ കിടന്നു.

വട്ടം ചുഴറ്റി കണ്ണഞ്ചിച്ച് കെട്ടുപോയ
ചൂട്ടുകറ്റയെന്ന്
വീശിയമർന്ന കടൽക്കാറ്റെന്ന്
ഏതോ ദൈവനിഴലെന്ന്
അവനെ നിനച്ച്
ആളുകൾ ഓരോ കൂട്ടംകൂടി നിൽക്കുമ്പോൾ
ഉറക്കം തൂങ്ങിയായിരുന്ന അവൻ
മരിച്ചപ്പോഴും മറന്നില്ല
ഒന്നു തലപൊക്കിനോക്കാൻ.
അപ്പോൾ
ചുറ്റും നിന്നവരിലേക്ക്
ഒരു പ്രകാശത്തിന്റെ കണ്ണ് കടന്നുവന്നതായി
ചിലർ ഇപ്പോഴും പറയുന്നു.

യഥാർത്ഥത്തിൽ ഇതായിരുന്നു
അവൻ ജീവിച്ചതിന്റെ അത്ഭുതസാക്ഷ്യം.

## ആരുമില്ലേ?

ആരെങ്കിലുമുണ്ടോ ഇവിടെ?
ഒരു കുഞ്ഞിന്റെ ചിരിയെങ്കിലും കേൾക്കാനുണ്ടോ?

എഴുതിമായുന്ന മണൽത്തരികൾ മാത്രം
ചോരപുരണ്ട ചുണ്ടുകളുമായി തിരകൾ മാത്രം

തൂണുകളൊടിഞ്ഞ വീടുകൾ മാത്രം
ചാകര സ്വപ്നംകണ്ട കിളികൾ, പൂച്ചകൾ
എല്ലാം കടലിലേക്കുറ്റുനോക്കുന്നു
തോണിക്കാരന്റെ ജഡം താരാട്ടുന്ന
തോണികൾ മാത്രം
സ്വന്തം നിഴലുകൾ പറിച്ചെറിഞ്ഞ്
കടന്നുപോയ സന്ദർശകരുടെ
ചകിതമായ കാലടിപ്പാടുകൾ മാത്രം.

ഏതോ വീട്ടിൽ മണിയടിക്കുന്നുണ്ട്
ആരാവും? ആരെയാവും...?
ഏതോ ചുണ്ടിൽനിന്നൂർന്ന്
പാതിയിൽ നിർത്തിയ ഒരു ഗസലുപോലെ
ഈറൻകാറ്റലയുന്നുണ്ട്.

യാത്രക്കാരാ
ഒറ്റയ്ക്കു പോകരുതേ ഈ തീരത്ത്
നിനക്കൊന്നും കിട്ടുവാനില്ല
വായ പിളർന്നുനിൽക്കുന്ന പകയുണ്ടിവിടെ
മരണത്തിന്റെ തൂവലുകളുമായി
ഇരുണ്ട കാറ്റ് നിന്നെപ്പൊതിയും.

നിനക്കു നഷ്ടപ്പെടുവാൻ
നിഷ്കളങ്കമായ ഭീതി മാത്രം.

# ഇല്ല

മുഖം കല്ലിച്ച് തമ്മിൽ വെട്ടിച്ചുനോക്കി
ശവമഞ്ചമേറ്റുവാൻ

കത്തുന്നു വാതിലുകൾ
എത്തിപ്പിടിക്കുവാനാകാതെ പ്രിയപ്പെട്ട
ശബ്ദങ്ങൾ നരകകിടാരം വിഴുങ്ങുന്നു
കത്തുന്നു പേരുകൾ
പേരുകേട്ടാലേ പിടയ്ക്കും പ്രിയങ്ങൾ
തിന്നുന്നു നമ്മൾ മരണം
ഉടുക്കുന്ന നമ്മൾ മരണം
പുലർത്തുന്നു നമ്മൾ മരണം -പകകൊണ്ടു
കണ്ണുറക്കം പോയി കരളുറക്കംപോയി
ചീർത്ത കണ്ണോടെ ചിറികാട്ടി പിന്നെയും -
രാവില്ല പകലില്ല നീളുന്ന ശവമഞ്ചയാത്രയിൽ
കത്തുന്നു കാണാത്ത തീയിൽ.
ഇവിടില്ല ജീവിതം താരാട്ടുപാട്ടിന്റെയമ്മേ
ഇവിടില്ല തള്ളവിരലടയാളം

മണിമുഴങ്ങുന്നു എവിടെനിന്നാവോ
പുകപടലക്കാർമേഘക്കോലാഹലത്തിലൂടോടുന്നു നമ്മൾ
എല്ലാം അലർച്ചകൾ.
പൊന്തപ്പടർപ്പുകളിൽ കള്ള-
ദൈവങ്ങൾ വഴിവളയ്ക്കുന്നു
ഏതു വാക്കേതുവഴി ഏതു വിശ്വാസം
വിക്കിവിക്കി കുശുകുശുക്കുന്ന ദുർമ്മരണ-
ച്ചതുപ്പുഗന്ധത്തിൽ
തുറിക്കുന്ന പ്രാണനായ്
പേടിക്കിനാവിന്റെ കോമാളിമോന്തയ്ക്കുമുമ്പിൽ
ഏതുവഴി മക്കളേ.
അറച്ചും വിറച്ചും തല കടഞ്ഞും
എത്ര നിറപ്പുഴകൾ കടന്നുനാം
ഇനിയുമിതു താണ്ടുവതെങ്ങനെ.

ഒഴുകുന്നു കൈകൂപ്പിയവസാനനിമിഷത്തി-
ലാരുമേ കേൾക്കാത്ത പ്രാർത്ഥനകൾ
ഒഴുകുന്നു മുടിചിന്നി മാറിടം കീറിയ
അവസാനനിമിഷശാപങ്ങൾ
ഒഴുകുന്നു ശ്വാസം കുരുങ്ങിയ
അവസാനനിമിഷനിലവിളികൾ.

കാലാതിശായി ഇരുട്ടേ
ഞങ്ങളുടെയീ
കുരുട്ടുബുദ്ധിയും കൂടിയാവുമ്പോൾ
ഇവിടെന്തു ജീവിതം.

# ഒരു കത്ത്

## (3 ജൂലൈ 2004)

(പുന്നയൂർക്കുളം എന്റെ ദേശത്തിനടുത്താണ്.
അവിടെ
പുന്നയുണ്ടോ കുളവുമുണ്ടോ. ഇപ്പോഴും
നല്ലൊരൂർ തന്നെയോ അത് - നാലാപ്പാടന്റെ
പൊന്നുരുളി തിളയ്ക്കുന്നതവിടെയല്ലേ പൂത്തുനിൽക്കുന്നു.
കണ്ണായൊരു നീർമാതളം അവിടെയല്ലേ പൂത്തുനിൽക്കുന്നു.
പുന്നയൂർക്കുളം എന്റെ ഹൃദയത്തിനടുത്താണ്.
ഇന്നോളം
ഒന്നുചെന്നു നോക്കിയിട്ടില്ല. അവിടെനിന്നും
എനിക്കിന്നൊരു കത്തുകിട്ടി - അതിലൂടെ
അറിയാത്ത മുഖങ്ങളെൻ ചിതറിയ കണ്ണാടിയിൽ
നിഴൽപേച്ചു പറയുന്നു മറയുന്നു പൊടുന്നനെ)
അറിയുവാൻ മുഖാമുഖം കാണണമെന്നുണ്ടോ
ഒരുവാക്കുമതി,യതിൻ തിരത്തള്ളലാർക്കറിയാം
അറിയുവാൻ മേൽവിലാസം വേണമെന്നുണ്ടോ
ഒരു നോട്ടം മതി,യതിൻ ലിപിയാരു കുറിക്കുന്നു.

-ഇങ്ങനെ വിചാരിക്കാറുള്ളൊരക്കാലം പോയി
നമ്മൾക്കു കുളിരായ തോപ്പുകൾ മറഞ്ഞുപോയ്
ചെകിളപ്പൂക്കൾ വെന്തൊരാത്മാവുമായി
കണ്ണുപൊട്ടിയ കുടുംബങ്ങൾ തെരുവിലലയുന്നു.

**2**

-കത്തെ,ന്നകത്തു
കാണാമുഖമായ്
എൻവാക്കിനെ പരീക്ഷിച്ചു പരുങ്ങുന്നു
വാക്കാണു കാവും വാളും കാൽചിലമ്പൊലികളും
വാക്കാണു തേക്കും മഹാഗണിയും അശോകവും
വാക്കാണു തുളസിയും തെച്ചിമന്ദാരങ്ങളും
വാക്കാണു പുല്ലും പുഴുവും വിചിത്രശലഭങ്ങളും

വാക്കാണു കലമാനും ആനയും സിംഹങ്ങളും
വാക്കാണു ദളിതനും പൈതലും പെൺകിടാങ്ങളും
വാക്കാണു ജരാനര യൗവനപ്രളയങ്ങൾ.
വാക്കിനു വിപരീതജന്മങ്ങൾ പകൽ X രാത്രി
രാപകലെന്നേ നമ്മളൊന്നിച്ചു പറയുന്നു.
വാക്കാണു കരു. അതിൽ ചീറ്റുന്നുണ്ടുറവുകൾ
വാക്കാണു കൊഴുച്ചാലിൽ വിത്തുകൾ.
വിയർപ്പിന്റെ
വാക്കാണു മുളപൊട്ടി കതിരായ് തിമർക്കുന്നു.
വാക്കാണ് ഡോളർ
വാക്കാണ് മിസ്സൈൽ
വാക്കാണ് തടവറ
വാക്കാണെതിർപ്പ്.
വാക്കാണ് തമ്പ്രാൻ
വാക്കാണെറാൻമൂളി
വാക്കാണ് ഭീരു
വാക്കാണ് ധീരൻ
നീക്കുപോക്കില്ലാതെ നിവർന്നു നടക്കുവാൻ
വാക്കേതുവേണം സുഹൃത്തേ

**3**

പ്രാണനിലിടയ്ക്കിടെ പാതിരാത്രിയിൽ കേൾക്കുന്നുവോ
പാടങ്ങൾ നഷ്ടപ്പെട്ട വാക്കിന്റെ നിലവിളി.
ബുൾഡോസ്സറിരമ്പുന്നു.
വാക്കിൻ കാളിയും കതിർവേല-
ക്കാളകൾ കരിവീട്ടി മക്കളുമവസാന-
പ്പിടി മണ്ണുരസിയക്കുന്നുവിട്ടിറങ്ങുന്നു
അവർ പാടിയപാട്ടും മൊഴിയും തിരയാതെ
അവരെയോരത്തേയ്ക്കുതള്ളി നാം ജയിക്കുന്നു.
വാക്കിന്റെ ജന്മത്തിന്റെയൊരു നക്ഷത്ര-
ഭൂപടം കരിച്ചു നാം
നോക്കെത്താ ദേശങ്ങളിൽ വളർത്തി വരയ്ക്കുന്നു
നമ്മുടെ കരിനിഴൽ.

4

“ഇന്നലത്തേക്കാൾ കറുത്തിരുണ്ടു വീടും നാടും
ഇതിനേക്കാളത്യാചാരം പുളയ്ക്കും വരുംനാളിൽ
അതു ചിന്തിക്കാതിരിക്കുക-
വിഷം കലക്കി നാം ഭൂവാസത്തിൻ
പൂക്കാലമധുരങ്ങളിൽ.
ഒറ്റക്കൊമ്പുമില്ല ചേക്കേറുവാൻ
ഒറ്റയ്ക്കൊറ്റയ്ക്കെങ്ങു പോകുന്നു കിളികളേ
പതറി വിറയ്ക്കുമീ പൃഥ്വിയെ മറക്കുക.”

വ്യാസനിപ്പറഞ്ഞതത്രെ
ഹിറ്റ്ലർക്കു രസിച്ചത്
ഹിറ്റലറെക്കണ്ടിട്ടത്രെ
അമേരിക്ക ചിരിച്ചത്
അവനെക്കാൾ കൊടും പാപികൾ
പിറകെ വരവുണ്ടത്രെ

5

ചങ്ങാതിമാർകളേ
വ്യാസൻ വ്യസനമൂർത്തി
അവനെക്കുറിച്ചോർത്തി-ട്ടെന്തുകാര്യം
ശിരസ്സിൽ കൂപ്പുകൈയുമായ്
‘അരുതേ’യെന്നു വിളിച്ചാർത്താ
നിഴലെന്നും നടക്കട്ടെ.

ഒരുകാര്യംകൂടി:
അവിടെയും സൂര്യൻ വരാറില്ലേ
പുലർകാലേ കുളക്കരയിൽ
നിങ്ങളും വരാറില്ലേ
മീനുണർന്നാലുമൊളിച്ചിരിക്കും
നിങ്ങടെയൊച്ച കേൾക്കുമ്പോൾ-
അതോ, തോട്ട പൊട്ടിച്ചെല്ലാം
ചത്തുമലച്ചുവോ.

മുങ്ങിക്കുളിയോ പ്രിയം ടാപ്പിൻചോട്ടിലോ രസം
രണ്ടുമില്ലെന്നോ - വിണ്ടുവെടിച്ചോ ഉടൽപാടം.
ഉടലിന്നിത്തിരിമാത്രം മതി,യെന്നല്ലേ വൈലോപ്പിള്ളി
-ഉയിരിൻ ഋതുക്കൾക്കെന്തു വേണമെന്നറിഞ്ഞുവോ.

## മറ

"എത്രമേൽ ക്ഷുദ്രമ,ല്ലോരോ നിമിഷമ-
പ്പത്രമടിച്ചതു പാറായ്കിലോ"
-ജി. ശങ്കരക്കുറുപ്പ്

കാലത്ത് ഒന്നോ രണ്ടോ
എന്റെ മുറ്റത്തും വന്നുവീഴുന്നു
ഓടയ്ക്കരികിൽ മൂക്കുപൊത്തി
പയ്യന്മാർ വലിച്ചെറിഞ്ഞ അവ
ചില പുലർകാലങ്ങളിൽ
മരക്കൊമ്പിൽ തങ്ങിനില്ക്കുന്നുണ്ടാവും
ഏതോ എല്ലിൻകഷണങ്ങൾ
ചോരയിറ്റുന്ന ശിരസ്സുകൾ
തുറിച്ച് തള്ളി തൂങ്ങിനില്പുണ്ടാവും.

കാലത്തേ ഇത്
തുറന്നുനോക്കിയില്ലെങ്കിൽ
ഉടലാകെ ഉയിരാകെ
എരിപൊരി സഞ്ചാരമാണ്.

മൊഴിമാറ്റിക്കുഴഞ്ഞ നാവുകൾ
ന്യായാധിപന്മാരുടെ പാരച്ചൂട്ടുകൾ
അജ്ഞാതജഡങ്ങളുടെ
പരിചയപ്പാഴ്ചിരികൾ
കുടിയിറക്കപ്പെട്ടവരുടെ
കുടൽമാലകൾ
ചരമക്കോളത്തിലെ
എന്റെ ഇടങ്ങൾ
എല്ലാം കണ്ട് കണ്ട്
കണ്ണടച്ചിരുന്ന്
പരബ്രഹ്മമായിട്ടേ
എനിക്ക് നേരം വെളുക്കൂ:
എത്രമേൽ ക്ഷുദ്രമല്ല
ഓരോ ജീവജാലങ്ങളും!

പാതിരയ്ക്ക് ഞെട്ടിയുണർന്ന്
ഏതോ ഒച്ചകൾക്കു കാതോർക്കുംപോലെ
തേയിലച്ചാറിനായി
ഊനുകൾ വലിഞ്ഞുമുറുകുംപോലെ
ആർത്തിപ്പെട്ട്
ഈ പൊതിക്കെട്ട് ഞാൻ തുറക്കുന്നു:

പൊതിക്കകത്ത്
പലപല പൊതികൾ
ഓരോ അടരും അഴിച്ചെത്തുമ്പോൾ
ഒരു ചിറകടിയെങ്കിലും
ഒരു പൂവിളിയെങ്കിലും
കേൾക്കാതിരിക്കുമോ–
ഇല്ല
പൂക്കാലത്തിന്റെ ലാഞ്ഛനയേ ഇല്ല.
അതിന്
ഈ യജമാനന്മാരെ
ഞാനെന്തിന് കുറ്റം പറയണം –
അത്യാചാരങ്ങളുടെ
അട്ടിപ്പേറുകാർ മാത്രമല്ലേ ഇവർ.
നടക്കാൻ പോകുന്ന കൊലപാതകത്തിന്റെ
നടന്നതിന്റെയും,
ടിക്കറ്റു വില്പനക്കാർ മാത്രമല്ലേ ഇവർ.
ഈശ്വരാ ഇവർക്കെന്താണ്
മറിച്ചുവില്ക്കാനുള്ളത്
മറച്ചുവെയ്ക്കാനുള്ളത്
മറഞ്ഞിരിക്കുന്നത് ഞാനല്ലേ.

## ഭാഗ്യവാന്മാർ

കൊതുകുകൾ ചാവേർപ്പടകൾ
അവരെത്ര ഭാഗ്യവാന്മാർ
അല്ല, അവരിൽ ചിലരത്രേ ഭാഗ്യവാന്മാർ
കൈക്കൂട്ടിൽ പെടാതെ
പുകക്കൂട്ടിൽ പെടാതെ
കോർപ്പറേഷന്റെ വധശിക്ഷയിൽ പെടാതെ
അവരിൽ ചിലരത്രെ ഭാഗ്യവാന്മാർ
പക്ഷേ, അവരല്ലേ കൂടുതൽ
നമ്മളല്ലേ കുറഞ്ഞുവരുന്നത്.

അവരുടെ മരണപ്പാട്ടും താളവും കേട്ടുകൊണ്ട്
എത്ര നേരമായി ഈ മഞ്ചത്തിൽ കിടക്കുന്നു-
കൊന്നാലും എഴുന്നേൽക്കാൻ വയ്യെന്നു കരുതി
ചുരുണ്ടുകൂടിക്കിടക്കുന്ന
കവികൾ എത്ര ഭാഗ്യവാന്മാർ
അല്ല, അവരിൽ ചിലരത്രേ ഭാഗ്യവാന്മാർ
ഒരു സ്വപ്നത്തിലും പെടാതെ
ഒരു പാർട്ടിയിലും പെടാതെ
ഗവണ്മെന്റിന്റെ ബുദ്ധിജീവിസംരക്ഷണ
പദ്ധതിയിൽ പെട്ടുപോകാതെ
അവരിൽ ചിലരത്രെ ഭാഗ്യവാന്മാർ.

ഭൂതകാലത്തിന്റെ ഭിത്തിയിൽ നടന്നുനടന്ന്
സൂര്യനോളമെത്താറായി, പൊടുന്നനെ
വീണുപോയവർ-
ഇവർ ഉറങ്ങുന്നില്ല
ഉറക്കം നടിക്കുന്നു
ഒരു ചാവേറിന്റെ കുന്തമുനയ്ക്കും
ഇറ്റുചോര കൊടുക്കാനാവാതെ
ഇവരെത്ര ഭാഗ്യവാന്മാർ
പാടിപ്പാടി പതമളന്നു നേടിയവർ
ഇന്ന് പറക്കൽ മറന്നവർ

‘പിതൃക്കളൊന്നുറങ്ങട്ടെ മക്കളേ പാട്’
എന്നു കൊഞ്ചുമ്പോൾ
മക്കൾ പ്രഭാഷണം നടത്തുന്നു. ഇവിടെ
ആരാണ് ഭാഗ്യവാന്മാർ?

## കവിത രക്ഷപ്പെട്ടതെങ്ങനെ

എന്റെ കവിത എവിടെയെങ്കിലുമുണ്ടോ എന്നറിയാൻ
ആസ്പത്രിമുക്കിൽ മസാലകളും പത്രമാസികകളും
തോരിയിട്ട കയറുകൾക്കടുത്ത്
ഒളിഞ്ഞുനിന്ന് തലതാഴ്ത്തിയും
പൊക്കിയും ചെരിച്ചും
നോക്കിക്കൊണ്ടുനില്പ്പായി.
എന്റെ കവിത എങ്ങും ചെന്നിട്ടുണ്ടാവില്ല.
വിശ്വാസം വരാതെ,
ആൾക്കൂട്ടത്തെ മറിച്ചുനോക്കിക്കൊണ്ടുനില്പായി.
അഥവാ ആരുടെയെങ്കിലും കവിത
എന്റേതായി ഇക്കൂട്ടത്തിൽ നില്പുണ്ടെങ്കിലോ
മറ്റുള്ളവരുടെ കവിത എന്റേതെന്ന്
അവർ സമ്മതിച്ചുതന്നേക്കില്ല
എന്റെ കവിത മറ്റുള്ളവരുടേതെന്ന്
ഞാനും സമ്മതിച്ചുകൊടുത്തേക്കില്ല.
ഇങ്ങനെ വിചാരംകൊള്ളവേ, അതാ
പീടികക്കയറിൽ കമിഴ്ന്നു കിടക്കുന്നു
എന്റെ കവിത.
അതെങ്ങനെ? – നോക്കിയപ്പോൾ
അതെന്റെ കവിത തന്നെ.
മറ്റൊരാളുടെ കൂടെയായിരുന്നുവെന്നു മാത്രം.
എന്റെ കവിതയ്ക്കെന്തു പറ്റിയെന്നറിയാൻ
സ്റ്റാന്റുകളിൽ നിരത്തുകളിൽ പരക്കം പറഞ്ഞു.
ഒരിടത്ത്
എന്റേതല്ലെന്ന് കരുതിയ ഒരു കവിതയെ ഞാൻ കണ്ടു
അച്ഛന്റെ പേരു ചോദിച്ചപ്പോൾ
എന്റെ പേരെഴുതിക്കാട്ടി
ഇപ്പോൾ എനിക്കു തീർത്തും ബോധ്യമായി
അന്യയാണ് എന്റെ കവിത.
അടുത്തകാലത്ത് കണ്ട
ഒരു പരസ്യം ഓർത്തുപോയി:

"കവികളേ, നിങ്ങൾ മരത്തിൽ കാണുന്നത്
ഞങ്ങൾ മനസ്സിൽ കാണുന്നു
നിങ്ങൾ മനസ്സിൽ കാണുന്നത്
ഞങ്ങളുടെ മരത്തിൽ അപ്പപ്പോൾ
കായ്ച്ചുകൊണ്ടിരിക്കും
അതിനാൽ കവിതയെ
ഇനി ഇങ്ങോട്ടയക്കേണ്ട കാര്യമില്ല
ഞങ്ങളെ ലക്ഷ്യമാക്കി ധ്യാനിച്ചാൽമതി
വിചാരിച്ചാൽ മതി
നിങ്ങളുടെ കവിത ആ നിമിഷം തന്നെ
ഇവിടെ തന്നെത്താൻ എത്തിക്കൊള്ളും."

കഴിഞ്ഞ ആഴ്ച ഞാനൊരു
പ്രസിദ്ധവാരികയെ ലക്ഷ്യമാക്കി
അണിയറയിൽ എന്റെ കവിതയെ
ഒരുക്കിനിർത്തിയിരുന്നു, അയച്ചിരുന്നില്ല.
എന്തത്ഭുതം! ഇതാ ഇപ്പോൾ എന്റെ
കവിത അതേപടി
ആ വാരികയുടെ ഇടനാഴിയിൽ നിന്ന്
എത്തിനോക്കുന്നു.

## ഒരു ലൈബ്രേറിയന് എന്തു ചെയ്യാൻ കഴിയും

ഒരു ലൈബ്രേറിയന് എന്തുചെയ്യാൻ കഴിയും
കാറ്റലോഗിലെ പൂച്ചയെ പുറത്തുചാടിക്കാൻ മാത്രമല്ല
ക്ഷേത്രത്തിനകത്ത് വേറൊരു ക്ഷേത്രം
സമുദ്രത്തിനുള്ളിൽ വേറൊരു സമുദ്രം
സ്വപ്നം കാണാനും കഴിയും.

അയാൾ കൈപിടിച്ച്
അന്ധനെയെന്നപോലെ കൊണ്ടുപോകുന്നു
എന്നെ ചരിത്രത്തിലേക്ക്

മഞ്ഞിൽ നടത്തിക്കുന്നു
വെയിലാൽ പുതപ്പിക്കുന്നു
മഴയാലുണർത്തുന്നു

കൊണ്ടുപോകുന്നു
പക്ഷിയിലെ മനുഷ്യനിലേക്ക്-
മനുഷ്യൻ പറയുന്നു:
ഞാൻ നിനക്ക് ചില്ലയല്ല
കൊണ്ടുപോകുന്നു
മനുഷ്യനിലെ പക്ഷിയിലേക്ക്-
പക്ഷി പറയുന്നു:
വേടാ അരുത്.

പരകായപ്രവേശമില്ലാതെ
പകർത്തിപ്പകർത്തിപ്പോകുന്നവരറിയുന്നില്ല
പകയ്ക്കാതെ പകർന്നുനോക്കുന്ന
ലൈബ്രേറിയന്റെ ചിരിയെ.

കുതിപ്പും കിതപ്പും ചോരയോട്ടവുമുള്ള
ഈ ഇഷ്ടികകൾ തകർക്കരുതേ.
അനന്തമായി സഞ്ചരിക്കുന്ന
ഈ കാലുകളെ ഒടിക്കരുതേ
വേണ്ടുന്നിടത്തേയ്ക്കും വേണ്ടാത്തിടത്തേയ്ക്കും

ചൂണ്ടുന്ന ഈ വിരലുകളെ നോക്കാതിരിക്കരുതേ.
വിസ്മയം തുരന്നുപോകുന്ന
ഈ തുരങ്കങ്ങളിലൂടെ
ഒരു ചുംബനത്തിന്റെ
ആവേഗത്തോടെ ജീവിക്കൂ.
ഈ നോത്ര്യദാമിൽനിന്ന്
കയറിപ്പറ്റാനാകും കൊടുമുടികളെ
മുഴക്കാനാകും കുടമണിനാക്കുകളെ
ഈ വീട്ടിൽനിന്നിറങ്ങിയെത്താനാകും
പവിഴപ്പുറ്റുകളുടെ കണ്ണാടിത്തട്ടുകളിൽ.

ലൈബ്രേറിയന് ഓർക്കാതിരിക്കാനാവില്ല
ഒടുവിലത്തെ ശ്വാസവും
ഈ നക്ഷത്രവീട്ടിൽത്തന്നെ
സമർപ്പിച്ചു കടന്നുപോയവരെ.

എന്നാൽ ഇന്ന് ദിവസേന
ഓരോ ലൈബ്രറിയിലും
വഴിതെറ്റി വന്ന് ഒരു പൂമ്പാറ്റയെങ്കിലും
വായിക്കാൻ ഇരിക്കുന്നുണ്ട്
വായിച്ചു മരിച്ചതിന് പദ്മശ്രീ നേടുന്നുണ്ട്.

ലൈബ്രറിയുടെ മൂലയിൽ
ഒരു കുടം ഗംഗാജലം കാത്തിരിപ്പുണ്ട്
മരിക്കാനായി
ഇങ്ങനെ വായിക്കാൻ വന്നിരിക്കണമെന്നില്ല
ദാ, ഇതു കുടിച്ചാലും മതി.

ഈവിധം ജഡങ്ങളെ
കണ്ടില്ലെന്നു നടിക്കുകയല്ലാതെ
ഒരു ലൈബ്രേറിയന്
വെറെ എന്തുചെയ്യാൻ കഴിയും?

## അവരൊക്കെ അവിടെയുണ്ട്

എന്തിനാവാം അവരെല്ലാം അങ്ങോട്ടുപോയത്
വേറെയെങ്ങും പോകാനില്ലാത്തതുകൊണ്ടാവാം
10 മണി.... 1 മണി.... 4 മണി....
അവരെ ആരെയും പുറത്തുകാണാനില്ല.

എന്താവാം അവർ അവിടെ ചെയ്യുന്നത്
വേറെയൊന്നും അവർക്ക് ചെയ്യാനില്ലായിരിക്കാം
എന്താവാം അവർ ഒച്ചവയ്ക്കാത്തത്
ഒന്നും അടച്ചുവെയ്ക്കാനില്ലാത്തതുകൊണ്ടാവാം

അടച്ചുവെച്ച പുസ്തകങ്ങളായിരുന്നു അവർ
ഇപ്പോഴെല്ലാ ഏടും വലിച്ചിളക്കിയിരിക്കാം
മിടിപ്പു നിലച്ചിരിക്കില്ല
എന്തെന്നാൽ അവരാണല്ലോ കാറ്റുകൾ
ഒരുപക്ഷേ അവർ കവിഞ്ഞൊഴുകിയിരിക്കാം
എന്തെന്നാൽ അവർതന്നെയായിരുന്നല്ലോ
മഴമേഘങ്ങൾ.

ചെന്നുനോക്കിയപ്പോഴോ,
ചിലർ പൂമരങ്ങളായിക്കഴിഞ്ഞിരുന്നു
എന്തെന്നാൽ അവർക്കുള്ളിൽ
ചിത്രശലഭങ്ങളുണ്ടായിരുന്നു
ചിലർ കരിവാളിച്ച പനകളായി
എന്തെന്നാൽ അവർ സ്വപ്നം കണ്ടിരുന്നു
ചിലർ ഡെസ്കിൽ മുഖം പൂഴ്ത്തി
വീണുകിടന്നിരുന്നു
ഫ്ളവർവേസുപോലെ.
ഇപ്പോഴും അവരൊക്കെ അവിടെയുണ്ട്
ചിത്രവീഥിപോലെ.
എങ്ങനെയാണ് അവർ പുറത്തിറങ്ങുക.

## മാവും പൂവും

ഇതൊരു കൊടിമരം
തുഞ്ചത്തു കീറിക്കലമ്പുന്ന കൂറ
ഇതിന്നടിയിലുറങ്ങുന്നൂ
ഇന്നലെ ചൂട്ടും കത്തിച്ചു പോയവർ
തിരിച്ചെത്തി ഇവിടെത്തന്നെ കുഴഞ്ഞുവീണവർ.

ഇതു നില്ക്കുന്നിടം പണ്ടൊരു
കുട വിടർത്തിയ മാവായിരുന്നു.
അതു വെട്ടിനീക്കി
കരിനീളൻ പാതകൾ
അപ്പുറമിപ്പുറം പാഞ്ഞുപോകുന്നൂ.

നാൽക്കൂട്ടപ്പെരുവഴിയിതിപ്പോൾ,
പിച്ചും പേയും പറയു-
മൊരുത്തിയാണിന്നീ കൊടിമരച്ചോട്ടിൽ.
മണ്ണുനുള്ളിയവൾ നെഞ്ചോടു ചേർക്കുന്നു
കണ്ണടച്ചിരിക്കുന്നു
അടരുകൾക്കടിയിലവളുടെയുണ്ണികൾ, കർപ്പൂര-
മാങ്കനിക്കായിപ്പോഴും കലമ്പുന്നൂ.
ഉണർത്തി വളർത്തിയൊരുണ്ണികൾ
പൂവോരാതെ പൂവിളിയറിയാതെ
പക കൊണ്ടൂണായ്
പിണഞ്ഞതുമിതേ മണ്ണിൽ.
തെഴുക്കുന്നൂ കറുകകൾ
ഇടവപ്പേമാരിയിൽ.

ഒരമ്മയ്ക്കു മാവും പൂവും
ഓർമ്മിച്ചാലകം നീറും
ഓർമ്മയെസ്സിമന്റിട്ടു
നാട്ടുന്നൂ കൊടിമരം

## രണ്ടു ദൃശ്യങ്ങൾ

**ഒച്ചയില്ലാതെ**
നിഴലുകൾ പലതരത്തിലാണ്
ജന്മങ്ങൾ പലതരത്തിലാകയാൽ
കർമ്മങ്ങൾ കഷ്ടപ്പാടുകൾ പലവിധത്തിലാകയാൽ.
ജീവിച്ചിരിക്കുമ്പോൾ നിഴലായവ
നിഴലിനോടൊപ്പം കുഴിയിൽ ചേർന്നവ
നിഴലായിരിക്കുമ്പോഴും ശ്വസിക്കുന്നവ
ഒരു പൂവ് ചൂടാൽ കൊതിച്ച് തരപ്പെടാതെ മറഞ്ഞവ
കുമ്പിൾ കോട്ടി മറഞ്ഞവ
കുഞ്ഞുണരും മുമ്പേ കാശുതേടിപ്പോയിത്തിരിച്ചു വരാത്തവ
-അവ ഇട്ടേച്ചുപോയ കുടങ്ങളിൽ മാറി മാറി
ഒരു പുള്ളുവൻ മീട്ടുന്നുണ്ട്
ചുണ്ടനങ്ങുന്നുണ്ട്
തോരാമഴയുടെ നിഴലരങ്ങളിൽ

**എന്തിനിങ്ങനെ**
കട്ടിലിൽ ഒട്ടിക്കിടക്കുന്ന ആ ഉടൽ
കോരിയെടുത്ത്
കഴുകിച്ച്
കൊണ്ടുപോയിക്കിടത്തി - എത്രയോനാൾ.
ഗംഗയൊഴുകി ഇവിടംവരെ
വന്നെങ്കിലെന്നാശിച്ച്-
അഴുകിക്കൊണ്ടിരിക്കുന്ന കൂവളത്തിലയായി
ഞരമ്പുതുറിച്ച് - എത്രയോനാൾ.
ഒരു തുള്ളി വിഷം ഓരോ പാതിരയ്ക്കും
കൈയെത്തിച്ചെടുക്കും വെയ്ക്കും.
നെരിപ്പോടും
മഞ്ഞുകട്ടയും
കലഹിച്ചു - എത്രയോനാൾ
ഒടുവിൽ ചോദിക്കണ്ടിവന്നു-?

## കൂജയിലെ മുഖം

ഹൃദയത്തിൽനിന്ന് പറിച്ചെടുത്തത്-
അല്ല-എന്റെ ഹൃദയം തന്നെയാണിത്
എന്നൊക്കെയല്ലേ പറയാറുള്ളത്.

ആദ്യം തന്റെ നെഞ്ചോടു ചേർത്തും
പിന്നെ 'ഹാ ദൈവമേ'യെന്ന്
നെടുവീർപ്പിട്ടും
അവൻ അത് ആ മുറിയിൽ
ജലം നിറച്ച മൺകൂജയിൽ-
തിരിച്ചുവരുമ്പോഴും
ചിരിച്ചു നിൽക്കുമോ എന്ന് ശങ്കിച്ച്-
വെച്ചുപോയി.

കളിവഞ്ചികൾ പൂഴ്ന്നുപോയ
ചളിത്തടാകത്തിൽനിന്ന്
വിടതി നേടി
കൈച്ചൂടിലൂടെ
കരൾത്തണുപ്പിലൂടെ
ദൂരങ്ങളുടെ ആരവങ്ങളിലൂടെ
കൊണ്ടുപോന്നു.
വിറച്ചുവന്ന വെയിലുകളും
രുദ്രാക്ഷമുതിർന്ന നിശ്ശബ്ദതയും
"എന്നെ കൈവിടരുതേ" എന്ന
ഇളംകാറ്റിന്റെ പിന്നാലെയുള്ള കെഞ്ചലും
നീല നീലമായി കൂമ്പിക്കൂമ്പി
അരുണാരുണമായി വിടർന്ന് വിടർന്ന്
ഏതോ ചുരങ്ങളിലൂടെ കൊണ്ടുപോയി.
അത്-
ഇന്നീ മുറിക്കുള്ളിൽ
തൊട്ടിലിലോ
താരാട്ടിലോ
ഇറങ്ങിപ്പോയ നിഴലുകളുടെ
ഊഞ്ഞാലിലോ.

എങ്ങനെ-
അതിന്റെ രോഗാതുരമായ ഏകാന്തത
പറുന്നു പറന്ന്
പുറത്തുവരാനാവാതെ
ചുവരുകളിൽ ചെന്നിടിച്ച്
ചിതറിത്തെറിച്ചുവോ.

ചുവരിൽ
വാതിൽപ്പഴുതിൽ
ജനൽപ്പഴുതിൽ
കാതോർത്ത്,
പിടയ്ക്കുന്ന പരൽമീനിനെ
പുഴ, തന്റെ മുലപ്പാലിലേക്കെന്നപോലെ
അതിനെ തന്നിലേക്ക്
അടുപ്പിക്കാൻ വെമ്പിയുഴറിയ
അവൾക്കു മുമ്പിൽ,
പൊടുന്നനെ
ആ വാതിൽ ചിതറിവീണു:

ഒരുപാട് വാഗ്ദാനങ്ങൾ
ചുംബനങ്ങൾ
ചിറകിട്ടടിച്ച്
അവളുടെ മുഖത്തുരുമ്മി.

-മൺകൂജയിൽ
ചോര വാർന്നൊലിക്കുന്ന
ഒരു മുഖം മാത്രം.
അതിന്റെ നാവിന്
പോയ കാലത്തെ പൊട്ടിച്ചിരികൾ
ആവർത്തിക്കാൻ കഴിയില്ലായിരുന്നു.

## ഗന്ധമോക്ഷം

പൊടിമണ്ണിൽ ചെരിഞ്ഞ്
ഇനിയും ആരെക്കാത്ത്-?

ഏറെനാൾ വാസനകളൊന്നും
അറിയാതിരുന്ന മൂക്ക് പറഞ്ഞു:
'ഒരു നിന്ദകൊണ്ടു
കൈമോശം വന്നത് വീണ്ടുതരാൻ
അതു നിന്റെ വരവുകാക്കുകയായിരുന്നു.'

കണ്ണുകളും പറഞ്ഞു:
'കാണരുതാത്തതു കാണാൻ
കറുപ്പുതിന്നു
കലഹിക്കുന്നവനേ,
എവിടെയും നിന്നെ അലോസരപ്പെടുത്തുന്ന
ഒരു കറയുണ്ടാവും
അതു സ്വയംശിക്ഷയാണ്
ഇവിടെ ഇതാ ഒറ്റപ്പൂവിൽ
അനേകം പൂക്കൾ വിരിയുന്ന ഒരു ഉത്സവം
-കാണാൻ ഞങ്ങൾക്കൊപ്പം വരൂ!

... ആ പൂവ്
അതിന്റെ  അന്ത്യനിമിഷത്തിൽ
പറഞ്ഞുകൊണ്ടിരുന്നു:
'ചിലത് അറിയാതിരിക്കുക
അല്ലെങ്കിൽ മുഷിഞ്ഞുചുളിയാനേ നേരമുണ്ടാവൂ.'

അതിനാൽ
എന്നെ ഇരുട്ടാക്കിയ വെളിച്ചങ്ങളേ
പാവം ഈ പൂവിനു
കൂട്ടുപോകരുതേ.

## ചിരിച്ചൂ ഒരു കവിത

പിറന്നൂ ഒരു ദൈവം
അവൻ കുടിച്ച മണ്ണെണ്ണപ്പുകയിൽ
ചിരിച്ചൂ ഒരു കവിത
അവൻ വാരിയെറിഞ്ഞ ഒരുപിടി മണലിൽ
കുളിർത്തു പട്ടിണിക്കരിക്കാടിയിൽ
ഒരു നിലാവ്
തെഴുത്തൂ വയറിൽ
താളും തകരയും
കനത്തൂ കാൽച്ചോട്ടിൽ
തീക്കനൽ

എന്നാൽ
ഒരു കരയിൽനിന്ന് പടർന്ന നിലവിളി
എല്ലാ കരകളിലും അലച്ചേക്കില്ല
എല്ലാ ദേശങ്ങളെയും
എല്ലാ കാലങ്ങളെയും
ഒരാൾക്ക് പിടിച്ചുകൂട്ടാനാകില്ല
ഊർന്നൂർന്നുപോകുന്നു
ഒരു മുഖം ഒരു കരച്ചിൽ ചിരി.
അവനോടൊപ്പം ഒരുനാൾ ഞാനും നടന്നു
കരകൾക്കിപ്പുറത്ത് ഞാൻ
കാലങ്ങൾക്കപ്പുറത്ത് അവൻ
ആ കരയെ പിടിച്ചണയ്ക്കാൻ
ഞാൻ വെറുതെ ഉഴറി
എങ്കിലും
കാലിൽ തറച്ച മുള്ളാണി വലിച്ചൂരി
അവനോടൊപ്പം ഞാനും നടക്കുന്നു
അമ്മുവിന്റെ ആട്ടിൻകുട്ടി കടിച്ച പച്ചില പിഴിഞ്ഞൂറ്റി
ഇന്നാരും മുറിവിലിറ്റിക്കുന്നില്ല
ആ ഇലഞരമ്പിലെ വിഷാദച്ചോര
ഇറുകി മുറുകിയോടുന്നു
'അവനെയോർക്കുന്നു' എന്ന

നാട്യത്തിന്റെ ചങ്കിൽ.

ഈ ചങ്കിൽ
അവൻ ചൂടിക്കുന്നു
ജ്വലിക്കുന്ന ഒരു കറുത്തഹാരം
അടഞ്ഞ വാതിൽക്കൽ
ഉയരുന്നു ഒരു സോപാനഗീതം:
'പിറന്നൂ ഒരു ദൈവം....'

(മൺമറഞ്ഞ കവി ശ്രീ. കെ.എസ്.കെ. തളിക്കുളത്തെ ഓർത്തുകൊണ്ട്)

## ആക്രാന്തം
## (അരുവിക്കരയിലെ മീനുകൾക്ക്)

അന്ന്
ഓരോ പിടി അരിയിടുമ്പോഴും
തുള്ളിത്തുള്ളി നിങ്ങൾ വന്നു
കൊത്തിക്കൊത്തി താഴ്ന്നുപോയി
ആഴങ്ങളിലിരുന്ന്
ഞങ്ങൾക്കായി ധ്യാനിച്ചു
ബുദ്ധന്റെ കൈത്തലങ്ങളിൽനിന്ന്
നിങ്ങൾ പിന്നെയും മുകളിലെത്തി.
കേൾക്കാമായിരുന്നു
നിങ്ങളുടെ മന്ത്രങ്ങൾ:
'സൗഭാഗ്യത്തിനായി ഒത്തുചേർന്ന
ഇവരുടെ ഉള്ളംകൈയിൽനിന്നും
അരിമ്പാറകൾ ഒഴിഞ്ഞുപോകട്ടെ
ഇവരുടെ ആയുർരേഖയും
സന്തതിരേഖയും തെളിയട്ടെ.'

കരയിലിരുന്ന് കൊറ്റികൾ കരയുന്നുണ്ടായിരുന്നു,
മൗനമായി നിങ്ങളോ ചിരിച്ചു.

ജലത്തിന്റെ ആത്മാക്കളേ, നിങ്ങൾ
കരയിലെ വേട്ടമുഖങ്ങളോടിരക്കുന്നുണ്ടായിരുന്നു:
'കണ്ണുകളെ വേലപൂരങ്ങളിലേക്ക്
കാതുകളെ
സാമഗീതങ്ങളിലേക്ക്
നാവിനെ
കൊതിപ്പിക്കുന്ന ചുട്ട കിഴങ്ങിലേക്ക്
കൈകളെ
കൈക്കോട്ടിലേക്കു കൊണ്ടുപോകൂ
പൂച്ചകളെ
അവയുടെ എലികൾക്കടുത്തേയ്ക്ക്....

ഞങ്ങളുടെ ചെകിളപ്പൂക്കളെ
ഭയപ്പെടുത്താതെ കടന്നുപോകൂ.'

എങ്കിലോ ഇന്ന്
നിങ്ങളും നിങ്ങളുടെ തട്ടകവും
മറഞ്ഞുപോയല്ലോ
കുഞ്ഞിക്കാലടികൾക്ക്
ഓണത്തുമ്പികൾക്ക്
പതിറ്റടിപ്പൂക്കൾക്ക് ഇന്റർനെറ്റ് ശ്രാദ്ധം

വാളെടുത്തവരെല്ലാം
വെളിച്ചപ്പാട്
വെളിപാടുകളെച്ചൊല്ലി
ഉൽക്കണ്ഠയേ ഇല്ല
ആക്രാന്തത്തിന്റെ അലർച്ച മാത്രം.

അട്ടിയട്ടിയായ്
വഴുവഴുപ്പൻ കുപ്പയായ്
പ്രാണൻ ചുളുങ്ങിക്കലങ്ങി-
ക്കിടക്കുന്നു ഞങ്ങൾ.

## ഒരു പുരാതനൻ

ചിലർ വളച്ചുകെട്ടിയ ഓർമ്മയ്ക്കു വെളിയിൽ
അന്യരായി നില്ക്കേണ്ടിവന്നവരെത്രയോ
അവരിലൊരാൾ–
ചെരിഞ്ഞ് ആഞ്ഞുള്ള നടത്തം
ചൂട്ടുകറ്റയുമായി കുത്തനിടവഴി കേറിവരുന്നു
വേലിക്കൽ വന്നുനില്ക്കുന്നു
പിന്നെ എല്ലാം മാഞ്ഞുപോകുന്നു
ഇപ്പോൾ ഒരു നിഴൽ മാത്രമുണ്ട്
പിറകോട്ടു നടന്ന് പുഴക്കരയിൽ മാഞ്ഞുപോകുന്നു
ആ നിഴലൂതിയൂതി കനലെന്നപോലെ
ഒരു മനുഷ്യരൂപത്തെ ഞാൻ കണ്ടെടുക്കുന്നു.
കൊള്ളിക്കിഴങ്ങു വിറ്റുനടന്ന കൊള്ളിമുഹമ്മദ്
ഏതു കാലത്തിൽനിന്ന്
എന്നിലേക്കോടിക്കേറി വരുന്നു.
വയറ്റിലെ പൂവു വാടാതിരിക്കാൻ
അമ്മ പുഴുങ്ങിത്തന്ന
കൊള്ളിക്കിഴങ്ങിന്റെ രുചിയിൽ
ഒരു വറുതിക്കാലത്തിന്റെ തേങ്ങലിൽ
അവന്റെ മുഖം ഞാൻ വീണ്ടെടുക്കുന്നു.

ഓർക്കാപ്പുറത്ത് അവനെയോർത്ത്
ആധിപ്പെടാനെന്തുകാര്യം
വിചാരപടങ്ങളിൽ
അവൻ സ്വയം ചിത്രീകരിക്കപ്പെടുന്നു
ഓർമ്മയുടെ പള്ളിയിൽ
അവൻ ഓതിനടക്കുന്നു
അവന്റെ വലംകൈയിന്
ആറു വിരലുകളുണ്ടായിരുന്നു
ആറാം വിരലായിരുന്നു അവന്റെ പേന.
കിരീടമണിഞ്ഞ നാട്യങ്ങൾക്കെതിരെ
മെഗഫോണിൽ വിളിച്ചുപറഞ്ഞുനടന്ന
അവന്റെ കീഴ്ച്ചുണ്ട് പിളർന്നതായിരുന്നു

കളരിക്കു പുറത്തായിരുന്നു അവന്റെ എഴുത്ത്
കളയാവേണ്ടവൻ കതിരായതെങ്ങനെ
മുനിഞ്ഞുകത്തുന്ന മണ്ണെണ്ണവിളക്കിന്റെ
കരിംപുക കുടിച്ച് അവന് ചിറക് മുളച്ചതെങ്ങനെ
-അവൻ കൂട്ടിവായിച്ച ലോകങ്ങളെത്രയോ
കൂട്ടിക്കിഴിച്ചുനോക്കിയ നഷ്ടങ്ങളെത്രയോ
പൂജ്യങ്ങൾക്കുനേരെ പൊട്ടിച്ചിരിച്ചതെത്രയോ.
ചരിത്രത്തിൽ അവന്റെ ഇടം
ഒരു തുണ്ട് ഇരുട്ട്
അവിടെ ഞാനിത് കുറിക്കുന്നു.
-ജാഗ്രതയുടെ പോസ്റ്ററുകളൊട്ടിച്ച ചുമരുകളിൽ
കൊള്ളിപ്പശ നാറിയ ഒരു ജന്മം
എഴുന്നേറ്റു നില്ക്കുന്നു.
ബീഡിക്കുറ്റികൾ മിന്നുന്ന
ഒരാകാശമായിരുന്നു അവൻ.
എന്റെ പുരാതന ഗ്രാമത്തിലെ കൊള്ളിമീൻ
ഇന്ന്, ഉറങ്ങുന്നു, പള്ളിക്കു പുറത്ത്,
ദൈവത്തിനു കാവൽ.

## ഞാൻ കാര്യവട്ടത്തേക്ക് പോവുകയാണ്

ഞാൻ കാര്യവട്ടത്തേക്ക് പോവുകയാണ്
കാര്യമായിട്ടൊന്നും ഇല്ല
കാണാൻ കുറേ കിനാവുകളുണ്ട്
പേടിപ്പെടുത്തുന്ന രാവണൻകോട്ടകളുണ്ട്
അവിടെയല്ലോ മറവുചെയ്തിരിക്കുന്നത്
എന്റെ മറുപിള്ളയെ
അതു തിന്നു വിടർന്ന റോസുകൾക്കെന്തൊരു ചുവപ്പ്
അകലെനിന്നേ മൂക്കുവിടർത്തി
ഞാൻ കാര്യവട്ടത്തേക്കു പോവുകയാണ്
നിഴലുണ്ട് നിലാവുണ്ട്
അവിടെ അരളിക്കാവിൽ
കുടിയിറക്കിയ ദളിതന്റെ  നെടുവീർപ്പുണ്ട്
അവിടെയല്ലോ ഹൈമവതിക്കുളം
അതിൽ വീണുമരിച്ച പെൺകിടാങ്ങൾക്ക്
എന്റെ ഓപ്പോളുടെ മുഖമാണ്.
നമിത, മസാതോ, തെരഷ്കോവ...
ഇവർ പൊഴിച്ചിട്ട
ഓർമ്മകളുടെ ഭൂപടങ്ങൾ ചോരയിറ്റുന്നവ-
എനിക്ക് അവിടെ പോവാതിരിക്കാൻ വയ്യ.

അലച്ചുതുള്ളുന്ന തുറകളാണവിടെ
എല്ലാ പുതുമോടികളും പദ്ധതികളും പർദ്ദകളും
വന്നിറങ്ങുന്നത് അവിടെ
പരിമളക്കുപ്പികൾ ശിവലിംഗങ്ങൾ
രമണൻ ചന്ദ്രിക
ദാദാ ദേറീദാ
മണ്ടൻ മുത്തപാ ലന്തൻലുത്തിനിയ
ആലീസിന്റെ അത്ഭുതരോഗം
എല്ലാം വന്നിറങ്ങുന്ന തുറമുഖങ്ങൾ അവിടെ.
കൊതി തീരാത്ത ഹൃദയങ്ങളുടെ
സോഫ്റ്റ്വെയർ മീനാരങ്ങളും അവിടെയാണ്
തൊഴിൽരഹിതരുടെ മജ്ജ പുരട്ടിയ

റൊട്ടി കിട്ടുന്നതും അവിടെയാണ്.
എന്തുവേണം, എല്ലാം അവിടെയുണ്ട്-
ഇരിക്കുന്നു നടക്കുന്നു വെടിമുഴക്കുന്നു
കൊടികൾ പലതരം കീശയിൽ തിരുകിവെയ്ക്കുന്നു
വേണ്ടുന്നതെടുത്തു വീശാം
വീശി വീശി 'വീസി'യാക്കാം*-
നല്ല രസം. ഞാൻ കാര്യവട്ടത്തേക്കു പോവുകയാണ്.

അവിടെ മരം ആദ്യമേ പെയ്യുന്നു
പിന്നെയേ മഴ പെയ്യൂ
ഒരുകാലത്ത്
ആ കുന്നുംപുറത്തു ചെന്ന കാമുകരെല്ലാം
മരാമരങ്ങളായി
വള്ളികൾ ഇപ്പോഴും ഒറ്റയ്ക്കു കുന്നുകയറുന്നു.
തേൻകൂടുകളായ ആത്മാക്കളും അവിടെയുണ്ട്.
അവരുടെ കണ്ണുകൾക്കു ചുറ്റും
എപ്പോഴും പലതരം ചിത്രശലഭങ്ങൾ-
എന്തുരസം, ഞാൻ കാര്യവട്ടത്തേക്ക് പോവുകയാണ്.
അവിടെ നടയ്ക്കൽ
തലകുത്തിനിൽക്കുന്ന
ഒരു ത്യാഗിയുടെ കൽപ്രതിമ കാണാം.
എന്തു രസം! ഞാൻ കാര്യവട്ടത്തേക്കു പോവുകയാണ്.

---

* വൈസ്- ചാൻസലർ

## ‘പുനർനവ’

ഇന്നു പുലർച്ചയ്ക്കും തവിഴാമ തേടി പുറപ്പെട്ടു
അത് തഴുതാമയെന്ന് ഒരു കരക്കാർ പറഞ്ഞു.
വഴിയോരക്കൂടാരത്തിലെ തമിഴർ ചോദിച്ചു:
തമിളാമയാ?
കുട്ടികളോടു ചോദിക്കാമെന്നു കരുതി
കാരാമ കടലാമ എന്നൊക്കെ പറഞ്ഞ്
കൂക്കിവിളിച്ചാലോ എന്നോർത്ത്
അവരെ വിട്ടു.
ഒറ്റനിലപ്പടർപ്പായ ആ ജീവനെ
എങ്ങനെ തിരിച്ചറിയും?
അരുമയായി കൂട്ടിക്കൊണ്ടുവരാൻ
മഞ്ഞത്തിരമാലയിൽ വീണുപോയ കൃഷ്ണമണിയെ
പാവം അത് വീണ്ടെടുത്തുതരുമെന്നെനിക്കറിയാം.
അരുമയായി കൂട്ടിക്കൊണ്ടുവന്നാൽ
ഉടലറകളെ കുത്തിമറിക്കുന്ന ദുരയാനകളെ
പാവം അത് മെരുക്കിത്തരുമെന്ന്
ആൾമയക്കിയാവുമെന്ന് എനിക്കറിയാം
ആ ഇലമുഖവും ചുള്ളിക്കൈയും മൂക്കുത്തിപ്പൂവും
എവിടെനിന്നോ എന്നെ വിളിക്കുന്നുണ്ട്.
എത്രയോ കാലം അതിനെ തിരിച്ചറിഞ്ഞവർ
ഈ ഭൂമിയിലുണ്ടായിരുന്നിരിക്കാം.
ഇന്ന് എല്ലാം
കൂറ്റനെടുപ്പുകൾക്കിടയിൽപ്പെട്ടുപോയി.

നാക്കിലയിൽ
തിളച്ചൊഴുകുന്നു
നമ്മുടെ നാമൂസ്സുകൾ.
ഇന്നു പുലർച്ചേക്കും തവിഴാമ തേടി പുറപ്പെട്ടു
കൈയിൽ കരുതിയ ചിത്രവും
ഒത്തുനോക്കി നടന്നു-
ഇക്കൂട്ടത്തിൽ ഏതാണ് തത്സ്വരൂപം?

ഒടുവിൽ കണ്ടുപിടിച്ചു:

പുറപ്പെട്ടേടത്തുതന്നെ.

പാതിയും ടാറിനടിയിൽപെട്ട അത്
തലപൊന്തിച്ച് നോക്കിനില്പായിരുന്നു
-ഉയർത്തെഴുന്നേല്പിന്റെ
മന്ത്രം ഞാൻ കേട്ടു:
'പുനർനവ!'

## ഈ ചതുപ്പിൽ

ഒന്നും എഴുതിയില്ല
എങ്കിലുമെന്തോ എഴുതാൻ കുതിച്ച്
സ്വയം യുദ്ധം വെട്ടി
കുരുതിയൂത്തിരുന്നല്ലോ

ഒന്നും സംസാരിച്ചില്ല
എങ്കിലും മുന്നിലിരിക്കുന്ന നിൻ
പേരോർക്കാൻ കഴിയാതെ
ഓർമ്മയെ കുത്തിപ്പിളർത്തി
കരയാനാവാതെയിരുന്നല്ലോ

മൂഢസംതൃപ്തന്റെ ചതുപ്പുസാമ്രാജ്യം:
വാനമറിയാതെ
അതിൻ പ്രാർത്ഥനയായ് പറന്നുപോമൊരു
പക്ഷി
മരമറിയാതെ
അതിൻ ചങ്കിൽ പൊട്ടിവിടരുകയാവാം
പൂക്കൾ.
ഒർക്കാതിരിക്കെ വരാം
ഒരു ഞാറ്റുവേല, ഇറക്കാം
ഒരു കളിത്തോണി, കേൾക്കാം
ഒരു കടൽക്കാറ്റിന്റെ താരാട്ട്.

നിനക്കും എനിക്കും
ഇടയ്ക്കുള്ള ദൂരമീ രാത്രി

എനിക്കും നിനക്കും
ഇടയ്ക്കുള്ള ഊണമീയന്ധത
നിനക്കും എനിക്കും
ഇടയ്ക്കുള്ള വിസ്മൃതി എന്റെ പേർ.